**കേരള സർക്കാർ**

# നവകേരളം കർമപദ്ധതി

## പ്രവർത്തന റിപ്പോർട്ട്

## 2024 നവംബർ

# ഉള്ളടക്കം


| | |
|---|---|
| ഹരിത കേരളം മിഷൻ | 7 |
| ലൈഫ് മിഷൻ | 35 |
| വിദ്യാകിരണം | 37 |
| ആർദ്രം മിഷൻ | 39 |
| മോണിറ്ററിങ് & ഇവാല്യുവേഷൻ | 49 |

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| പ്രവർത്തനങ്ങൾ | ഒക്ടോബർ വരെ | നവംബർ | ആകെ |
|---|---|---|---|
| **ജലസംരക്ഷണം പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | | | 321 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 30024 | 706 | 30,730 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ (കി.മി) | 36615.6 | 699.3 | 37314.9 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 3673 | 40 | 3713 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 5281 | 61 | 5342 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 9168 | 103 | 9271 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 17953 | 121 | 18074 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 698 | 15 | 713 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 66770 | 1511 | 68281 |
| ജല ബജറ്റിനായി തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ (*ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | | | 660 |
| ജല ബജറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) (*ആദ്യ ഘട്ടത്തിൽ പ്രസിദ്ധീകരിച്ച 94 റിപ്പോർട്ടുകൾ ഉൾപ്പെടെ) | 326 | 8 | 334 |
| മാപത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | 215 | | 215 |
| മാപത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | 2121.84 | 227.63 | 2349.47 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറികളുടെ എണ്ണം. | | | 286 |
| **കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 3551 | 19 | 3570 |
| പച്ചത്തുരുക്കളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 1072.91 | 34.04 | 1106.95 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 164 |
| തരിശുരഹിത ഗ്രാമമായി പ്രഖ്യാപിച്ച ഗ്രാമപഞ്ചായത്തുകൾ | 9 | | 9 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകൾ | | | 2422 |
| ഹരിതസമൃദ്ധി വാർഡായി പ്രഖ്യാപിച്ച വാർഡുകൾ | 869 | 47 | 916 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 72 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 66 |
| **ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ** | | | |
| ഹരിത ടൂറിസം കേന്ദ്രമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 431 |
| പ്രഖ്യാപനം നടത്തിയ ഹരിത ടൂറിസം കേന്ദ്രങ്ങൾ | | | 45 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 68230 |
| പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങൾ | | | 25835 |
| നെറ്റ് സീറോ കാർബൺ - പ്രവർത്തനങ്ങൾ നടക്കുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | | | 132 |

# പ്രവർത്തന റിപ്പോർട്ട്

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാകിരണം, ആർദ്രം മിഷൻ എന്നിവയുടെ 2024 നവംബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ഉൾപ്പെടുത്തിയ റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനും പ്രാദേശിക തലത്തിൽ വരുമാന വർധനവിനും സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

## ഹരിത കേരളം മിഷൻ- പ്രവർത്തനങ്ങൾ

### 1. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ കേരളത്തെ നെറ്റ് സീറോ കാർബൺ അവസ്ഥയിൽ എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു 2023 മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 132 |
| നെറ്റ്സീറോ-അംഗൻജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2420 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്ഥാപനങ്ങൾ | 85 |
| മാതൃകാ നെറ്റ് സീറോ കാർബൺ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമതാ സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് റിപ്പയറിങ്ങിലും മെയിന്റനൻസിലുമുള്ള പരിശീലനം. | 109 |
| ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം ലഭിച്ച അധ്യാപകർ. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒന്നാം ഘട്ടത്തിൽ 91 ഗ്രാമപഞ്ചായത്തുകളും വടകര നഗരസഭയെയും ചേർത്ത് ആകെ 92 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കൊയിലാണ്ടി നഗരസഭ ഉൾപ്പെടെ 40 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വൈപ്പിൻ പ്രദേശത്ത് ഗോശ്രീ ദ്വീപ് വികസന അതോറിട്ടി (GIDA)യുടെ സഹകരണത്തോടെ 8 ഗ്രാമപഞ്ചായത്തുകളേയും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിൽ ഉൾപ്പെടുത്തി. നിലവിൽ 132 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിലെ 13% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രാരംഭ ശിൽപ്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശിൽപ്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള

സർവ്വേ, പരിശീലകരുടെ പരിശീലനം, തദ്ദേശ സ്വയംഭരണ സ്ഥാപനതല ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാമ്പയിൻ മാർഗ്ഗരേഖയോടൊപ്പം ഇത്തരം ശിൽപ്പശാല / യോഗങ്ങളിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങളും ഉൾകൊള്ളിച്ചു നെറ്റ് സീറോ തദ്ദേശഭരണ സ്ഥാപനങ്ങളിൽ വിവിധ വുകുപ്പുകളുടേയും ഏജൻസികളുടേയും നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാനും പ്രവർത്തന കലണ്ടറും തയ്യാറാക്കുകയും ആയതിനു അനുസ്രുതമായ പ്രവർത്തങ്ങൾ നടത്തിവരുന്നു. നെറ്റ് സീറോ ആക്ഷൻ പ്ലാനിലെ പ്രവർത്തനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പ്ലാനിൽ ഉൾകൊള്ളിക്കുവാനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ചു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും, മില്ലറ്റ് മിഷനുമായി ചേർന്നു മില്ലറ്റ് കൃഷി വ്യാപനവും ഇതോടൊപ്പം നടന്നു വരുന്നു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശിൽപ്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 26 | 85 | 110 | 171 | 366 | 0 | 0 | 6 | 413 | 90 | 83 |
| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - പഞ്ചായത്ത് തല കോർഗ്രൂപ് യോഗം | | | | | | | | | | |
| 3 | 5 | 8 | 18 | 31 | 0 | 0 | 0 | 0 | 10 | 25 |

- ❖ തിരുവനന്തപുരം ജില്ലയിൽ നവംബർ മാസത്തിൽ പെരുങ്കടവിള പഞ്ചായത്തിലെ ഉർജ്ജ കാര്യക്ഷമതാ വാഹനോപയോഗ പരിശീലനത്തിന്റെ ഭാഗമായി സ്വകാര്യ ആട്ടോ ടാക്സി ഡ്രൈവർമാർക്കുള്ള പരിശീലനം നടത്തി. ആകെ പങ്കാളിത്തം - 34
- ❖ കൊല്ലം ജില്ലയിൽ കരവാളൂർ ഗ്രാമപഞ്ചായത്തിൽ ഡിസംബർ മാസത്തിൽ ശിൽപ്പശാല നടത്തുണ്ട് . ശിൽപ്പശാലയിൽ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിക്കും .
- ❖ കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിൽ BVUP സ്കൂളിലെ ഒരു സെന്റിലും KSRTC മെഗാ ക്ലീനിംഗിന്റെ ഭാഗമായി കുളത്തുപ്പുഴ KSRTC ഡിപ്പോയിലും മില്ലറ്റ് കൃഷി ആരംഭിച്ചു.
- ❖ എറണാകുളം ജില്ലയിൽ കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി സർവ്വേ സംബന്ധിച്ച് GIDA സെക്രട്ടറി രഘുരാമനുമായി ചർച്ച നടത്തി. കുഴുപ്പള്ളി പഞ്ചായത്തിൽ വിജയകരമായി സർവ്വേ പൂർത്തീകരിച്ച സാഹചര്യത്തിൽ സർവ്വേ പ്രവർത്തനങ്ങൾ മറ്റു 7 പഞ്ചായത്തുകളിലും നടത്താൻ തീരുമാനിച്ചു.
- ❖ എറണാകുളം ജില്ലയിൽ ആദ്യമായി കാർഷിക കലണ്ടർ പ്രസിദ്ധീകരിച്ച് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് വേറിട്ട മാതൃകയായി. നെറ്റ് സീറോ കാർബൺ പദ്ധതിയുടെ ഭാഗമായി വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ വിപുലമായ പദ്ധതികളാണ് ഒരുക്കിയിരിക്കുന്നത്. കർഷകർക്ക് ഉൽപാദനവർദ്ധനവ് ഉണ്ടാക്കാനായി ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ശേഖരിച്ച മണ്ണ് പരിശോധിച്ച് വളപ്രയോഗ ശുപാർശ നടത്തുകയും, പ്രദേശത്തെ കാർഷിക മേഖലയെ പഠന വിധേയമാക്കിയാണ് കാർഷിക കലണ്ടർ രൂപപ്പെടുത്തിയത്. കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാകുന്നത്.
- ❖ കണ്ണൂർ ജില്ലയിൽ 10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 149 ഏക്കർ വിസ്തൃതിയിൽ മില്ലറ്റ് കൃഷി ആരംഭിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ ഗവ. ഫിഷറീസ് ഹയർസെക്കണ്ടറി സ്കൂളിൽ ഊർജ്ജസംരക്ഷണം ക്ലാസുകൾ നടന്നു. ഹരിതകേരളം മിഷൻ ക്ലാസുകൾ കൈകാര്യം ചെയ്യതത്. എൻ എസ് എസ് ന്റെ ആഭിമുഖ്യത്തിലാണ് ക്ലാസുകൾ നടന്നത്.
- ❖ കാസർഗോഡ് ജില്ലയിലെ കാമ്പയിനിലേക്ക് പുതുതായി തിരഞ്ഞെടുത്ത കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ സർവ്വെ ആരംഭിക്കുവാൻ വേണ്ടി യോഗം ചേർന്നു. ഡിസംബർ മാസം സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സർവ്വെ ആരംഭിക്കും.

## 2. ജലസംരക്ഷണ പ്രവർത്തനങ്ങൾ

കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നുണ്ട്.

സംസ്ഥാനത്തുള്ള 50,000 കിലോമീറ്റർ തോടുകളും 2000 കിലോമീറ്റർ പുഴകളും പുതുതായി വൃത്തിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുമെന്നും, ഇതിനായി തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തുമെന്നും സർക്കാർ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിരുന്നു.

**ജല സംരക്ഷണ പ്രവർത്തനങ്ങൾ - പ്രവർത്തന പുരോഗതി (2021 ഏപ്രിൽ മുതൽ 2024 നവംബർ മാസം വരെ)**

| ജില്ലകൾ | പുനരുജ്ജീവിപ്പിച്ച നീർച്ചാലുകളുടെ നീളം | പുനരുജ്ജീവിപ്പിച്ച കുളങ്ങൾ | നിർമിച്ച കുളങ്ങൾ | റീചാർജ് ചെയ്ത കിണറുകൾ | നിർമിച്ച കിണറുകൾ | നിർമ്മിച്ച സ്ഥിരം തടയണകൾ | നിർമ്മിച്ച താൽക്കാലിക തടയണകൾ |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 5382.78 | 589 | 482 | 870 | 3213 | 104 | 15276 |
| കൊല്ലം | 4409.437 | 192 | 444 | 703 | 3461 | 8 | 15207 |
| പത്തനംതിട്ട | 1591.149 | 192 | 203 | 568 | 913 | 29 | 4176 |
| ആലപ്പുഴ | 1535.24 | 79 | 47 | 207 | 300 | 18 | 2083 |
| കോട്ടയം | 1408.69 | 61 | 257 | 449 | 587 | 18 | 1928 |
| ഇടുക്കി | 1618.14 | 206 | 253 | 289 | 318 | 54 | 1473 |
| എറണാകുളം | 2823.55 | 179 | 290 | 823 | 522 | 22 | 0 |
| തൃശൂർ | 1815.4425 | 147 | 137 | 390 | 1022 | 12 | 44 |
| പാലക്കാട് | 6831.58 | 741 | 872 | 639 | 1502 | 16 | 11579 |
| മലപ്പുറം | 1566.49 | 339 | 478 | 210 | 1936 | 113 | 1061 |
| കോഴിക്കോട് | 1892.86 | 206 | 172 | 403 | 1014 | 45 | 237 |
| വയനാട് | 1986.77 | 86 | 755 | 120 | 364 | 94 | 1825 |
| കണ്ണൂർ | 2685.28 | 537 | 518 | 2750 | 1555 | 111 | 10741 |
| കാസർഗോഡ് | 1767.51 | 159 | 434 | 850 | 1367 | 69 | 2651 |
| ആകെ | 37314.90 | 3713 | 5342 | 9271 | 18074 | 713 | 68281 |

ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2024 നവംബർ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 37314.90 കിലോമീറ്റർ നീർച്ചാലുകളും 3713 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. *(കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 83050.90 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്).* 5342 പുതിയ കുളങ്ങൾ നിർമ്മിച്ചു. നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 713 സ്ഥിരം തടയണകളും 68281 താൽക്കാലിക തടയണകളും നിർമ്മിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്.

സർക്കാരിന്റെ പ്രകടന പത്രികയിൽ കിണറുകളുടെ സംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം നൽകും എന്നും കിണറുകൾ ശുദ്ധീകരിക്കുമെന്നും മഴക്കാലത്ത് റീചാർജ്ജ് ചെയ്യുന്നതിനു നടപടിയെടുക്കും എന്നും വാഗ്ദാനം നൽകിയിരുന്നു. ഹരിത കേരളം മിഷന്റെ ഇടപെടലുകളിലൂടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 9271 കിണറുകൾ റീച്ചാർജ്ജ് ചെയ്യുകയും, 18074 കിണറുകൾ നിർമ്മിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽ കിണറുകൾ നിർമ്മിച്ചിട്ടുള്ളത് കൊല്ലം (3461 എണ്ണം), തിരുവനന്തപുരം (3213 എണ്ണം) ജില്ലകളിലാണ്. കൂടുതൽ കിണറുകൾ റീചാർജ്ജിങ് ചെയ്തിട്ടുള്ളത് കണ്ണൂർ ജില്ലയിലാണ് (2750).

പാലക്കാട്, തിരുവനന്തപുരം, കൊല്ലം, ജില്ലകളിൽ ഏറ്റവും കൂടുതൽ നീളം നീർച്ചാൽ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിലാണ് ഏറ്റവും കൂടുതൽ കുളങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

നവംബർ മാസത്തിൽ സംസ്ഥാനത്ത് ജലസംരക്ഷണം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 699.2

കിലോമീറ്റർ നീർച്ചാലുകളും 40 കുളങ്ങളും പുനരുജ്ജീവിപ്പിക്കുകയും 61 പുതിയ കുളങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നവംബർ മാസത്തിൽ 103 കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. 121 പുതിയ കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ജലസംഭരണം സാധ്യമാക്കുന്നതിനായി റിപ്പോർട്ട് മാസത്തിൽ 15 സ്ഥിരം തടയണകളും 1511 താൽക്കാലിക തടയണകളും നിർമ്മിച്ചു.

- പത്തനംതിട്ട ജില്ലയിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 83 നീർച്ചാലുകൾ 70.11 കി.മീ നീളത്തിൽ പുനരുജ്ജീവിപ്പിച്ചു. ഇതോടൊപ്പം ഒരു കുളവും 11 കിണറുകളും 106 താൽക്കാലിക തടയണകളും നിർമിച്ചിട്ടുണ്ട്
- ആലപ്പുഴ ജില്ലയിൽ തകഴി, തലവടി, നീലംപേരൂർ, മുട്ടാർ, രാമങ്കരി, കാർത്തികപ്പള്ളി, ചെന്നിത്തല തൃപ്പരുന്തുറ, നൂറനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി 51 നീർച്ചാലുകൾ 22.18 കി.മീ നീളത്തിൽ പുനരുജീവിപ്പിച്ചു.
- ആലപ്പുഴ ജില്ലയിൽ തഴക്കര, പാലമേൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ 19 കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. മാവേലിക്കര താമരക്കുളം, മാന്നാർ, മാവേലിക്കര തെക്കേക്കര, തഴക്കര, ചെട്ടികുളങ്ങര, ചെന്നിത്തല തൃപ്പരുന്തുറ, വെൺമണി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 389 താൽക്കാലിക തടയണകൾ നിർമ്മിച്ചിട്ടുണ്ട്.
- തൃശ്ശൂർ ജില്ലയിൽ മുരിയാട് ഗ്രാമപഞ്ചായത്തിലെ 5, 11, വാർഡുകളിൽ തോട് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വാർഡ് 5 ലെ ചെറക്കപ്പാടം തോട് 600 മീറ്ററിൽ പുനരുദ്ധാരണവും, കയർ ഭൂവസ്ത്രം വിരിക്കലും, വാർഡ് 11 ൽ കണ്ണമ്പിളി തോട് 650 മീറ്ററിൽ പുനരുദ്ധാരണവും, കയർ ഭൂവസ്ത്രം വിരിക്കലിന്റെയും പ്രവർത്തനം പുരോഗമിക്കുന്നു.
- കാസർഗോഡ് ജില്ലയിൽ ഹരിതകേരളം മിഷന്റെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ നവംബർ മാസം ജില്ലയിൽ 5.5 കി.മീ നീളത്തിൽ 14 നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുകയും, 3 കിണറുകൾ റീചാർജ്ജ് ചെയ്യുകയും, 2 പുതിയ കിണറുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

## 3. ജല ബജറ്റ് - ജലസുരക്ഷ പ്ലാൻ

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ ജല സുരക്ഷാ പ്ലാനുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ആദ്യമായി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു.

| ജല ബജറ്റ് | | |
|---|---|---|
| ജില്ല | തിരഞ്ഞെടുത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എണ്ണം | റിപ്പോർട്ട് അവതരണം പൂർത്തിയായത് |
| തിരുവനന്തപുരം | 73 | 9 |
| കൊല്ലം | 52 | 32 |
| പത്തനംതിട്ട | 17 | 12 |
| ആലപ്പുഴ | 16 | 7 |
| കോട്ടയം | 71 | 9 |
| ഇടുക്കി | 29 | 13 |
| എറണാകുളം | 37 | 15 |
| തൃശൂർ | 35 | 17 |
| പാലക്കാട് | 49 | 30 |
| മലപ്പുറം | 94 | 16 |
| കോഴിക്കോട് | 77 | 69 |
| വയനാട് | 26 | 26 |
| കണ്ണൂർ | 43 | 41 |
| കാസർഗോഡ് | 41 | 38 |
| ആകെ | 660 | 334 |

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും ഉൾപെട്ട 94 ഗ്രാമപഞ്ചായത്തുകളിൽ 2023-ൽ ജലബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത് കൂടാതെ രണ്ടാം ഘട്ടത്തിൽ 240 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്. ആകെ 334 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2024 നവംബർ മാസം വരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എറണാകുളം (4), പത്തനംതിട്ട (2), കണ്ണൂർ (1), തിരുവനന്തപുരം (1) എന്നീ ജില്ലകളിലാണ് 2024 നവംബർ മാസം റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

നിലവിൽ ജലബജറ്റ് പ്രവർത്തനങ്ങൾ 326 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 660 ഗ്രാമപഞ്ചായത്തുകളിലും (63.54%) ജലബജറ്റാകും എന്നത് ശ്രദ്ധേയമാണ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. ജലബജറ്റ് റിപ്പോർട്ട് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് ജനപ്രതിനിധികളുടെയും വിദഗ്ധരുടെയും അഭിപ്രായം കൂടി സ്വരൂപിച്ച ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. നീരുറവിന്റെ മാസ്റ്റർ പ്ലാനുമായി സംയോജിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് രണ്ടാം ഘട്ടത്തിൽ നടന്നു വരുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിച്ചു യോഗങ്ങൾ കൂടിയിട്ടുണ്ട്.

### 3.1 ജലബജറ്റ് പ്രവർത്തനപുരോഗതി

- തിരുവനന്തപുരം ജില്ലയിൽ കിളിമാനൂർ ബ്ലോക്കിൽ ജലബജറ്റ് റിപ്പോർട്ട് പ്രസിദ്ധികരിച്ചു. അഞ്ചുതെങ്ങ് പഞ്ചായത്തിൽ നവംബർ മാസത്തിൽ ജലബജറ്റ് അവതരണം നടത്തി.
- കൊല്ലം ജില്ലയിൽ ജല ബഡ്ജറ്റിൽ നിന്ന് ജലസുരക്ഷയിലേക്ക് എന്ന കാമ്പയിനിൽ ഉൾപ്പെടുത്തി മുഖത്തല ബ്ലോക്കിൽ നെടുമ്പന ഗ്രാമപഞ്ചായത്തിലെ 500 മീറ്റർ നീളമുള്ള നല്ലില നടുത്തോടിൽ മൈനർ ഇറിഗേഷൻ വകുപ്പ് ഡിസിൽറ്റിംഗ് വർക്ക് ആരംഭിച്ചു.
- പത്തനംതിട്ട ജില്ലയിൽ ഇലന്തൂർ ബ്ലോക്ക് പരിധിയിൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ജല ബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ബ്ലോക്ക് തല സാങ്കേതിക സമിതി ഡിസംബർ മാസം ചേരുന്നതിന് തീരുമാനിച്ചു.
- ആലപ്പുഴ ജില്ലയിൽ പെരുമ്പളം, ഭരണിക്കാവ്, വള്ളികുന്നം എന്നീ ഗ്രാമപഞ്ചായത്തുകളിൽ സംഘാടകസമിതി ചേരുകയും കരട് റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.
- ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും സാങ്കേതിക സമിതികൾ പൂർത്തീകരിച്ചു. പുതിയതായി അഴുത, ദേവികുളം, തൊടുപുഴ, ഇളംദേശം എന്നീ ബ്ലോക്കുകളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ 4 ഗ്രാമപഞ്ചായത്തുകൾ ജല ബജറ്റിനു വേണ്ടി തിരഞ്ഞെടുത്തു.
- എറണാകുളം ജില്ലയിൽ ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആലങ്ങാട്, കടുങ്ങല്ലൂർ, കരുമാലൂർ, വരാപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ജലബജറ്റിന്റെ പ്രകാശനം നിയമ കയർ വ്യവസായ വകുപ്പ് മന്ത്രി ശ്രീ പി രാജീവ് നിർവ്വഹിച്ചു.
- പാലക്കാട് ജില്ലയിൽ ക്രിട്ടിക്കൽ സോണിലുള്ള മലമ്പുഴ ബ്ലോക്കിലെ 6 ഗ്രാമപഞ്ചായത്തുകളുടെയും നെന്മാറ ബ്ലോക്കിലെ 7 ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ് വിവരശേഖരണം നടത്തി. കരട് റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.
- മലപ്പുറം ജില്ലയിൽ ജലബജറ്റ് തുടർപ്രവർത്തനത്തിന്റെ ഭാഗമായി സാങ്കേതിക സമിതി ചേർന്ന് ജലദൗർലഭ്യം അനുഭവപ്പെടുന്നതായി കണ്ടെത്തിയ 99 പ്രദേശങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തി.
- കണ്ണൂർ ജില്ലയിൽ പായം ഗ്രാമ പഞ്ചായത്ത് ജല ബജറ്റ് പ്രകാശനം നവംബർ മാസം ജില്ലാ

പഞ്ചായത്ത് വൈസ് പ്രസിഡണ്ട് നിർവ്വഹിച്ചു. ധർമ്മടം മണ്ഡലം ജലബജറ്റ് റിപ്പോർട്ട് പ്രകാശനത്തിന് തയ്യാറായിട്ടുണ്ട്. പയ്യന്നൂർ ബ്ലോക്ക് റിപ്പോർട്ട് തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 38 | 230 | 103 | 268 | 601 | 0 | 0 | 0 | 0 | 259 | 129 |

## 4. സുരക്ഷിതമാക്കാം പശ്ചിമഘട്ടം

ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന 'ഇനി ഞാനൊഴുകട്ടെ' - നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് - കാമ്പയിൻ 2019 ൽ ആരംഭിച്ചിരുന്നു. പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജിവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതിനായി "സുരക്ഷിതമാക്കാം പശ്ചിമഘട്ടം" എന്ന കാമ്പയിൻ ഇനി ഞാനൊഴുകട്ടെയുടെ രണ്ടാം ഘട്ടമായി സംസ്ഥാനത്തു ഹരിത കേരളം മിഷൻ നടപ്പിലാക്കി വരുന്നു.

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ മാപിംഗ് അവസാന ഘട്ടത്തിലാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) യുടെ സഹായത്തോടെയുള്ള ഈ ശാസ്ത്രീയ മാപിംഗ് പദ്ധതി 8 ജില്ലകളിൽ പൂർത്തീകരിക്കുകയും ഇടുക്കി ജില്ലയിൽ പുരോഗമിക്കുകയുമാണ്.

ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിൽ 215 ഗ്രാമപഞ്ചായത്തുകളിൽ മാപത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രമാണ് മാപിംഗ് ജോലികൾ തീർക്കുവാനുള്ളത്.

### 4.1 മാപത്തോൺ പ്രവർത്തനപുരോഗതി - നവംബർ 2024

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനു വേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ 9 ജില്ലകളിൽ ഉൾപ്പെട്ട 155 ഗ്രാമപഞ്ചായത്തുകളിൽ ആരംഭിച്ചു.

| ജില്ലകൾ | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ | | | രണ്ടാം ഘട്ട പ്രവർത്തനങ്ങൾ | | | |
|---|---|---|---|---|---|---|---|
| | തിരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് പ്രവർത്തനം കഴിഞ്ഞ ത.സ്വ.ഭ സ്ഥാപനങ്ങൾ | അപ്രൂവൽ ലഭിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | അവതരണം നടത്തിയ ത.സ്വ.ഭ സ്ഥാപനങ്ങൾ | ഫീൽഡ് സന്ദർശനം പൂർത്തീകരിച്ച ത.സ്വ.ഭ സ്ഥാപനങ്ങൾ | നീർച്ചാൽ പുനരുജ്ജീകരിച്ചത് നവംബർ മാസത്തിൽ (കി.മീ) | നീർച്ചാൽ പുനരുജ്ജീകരിച്ചത് ആകെ (കി.മീ) |
| കൊല്ലം | 7 | 7 | 7 | 7 | 7 | 2.4 | 381.686 |
| പത്തനംതിട്ട | 16 | 16 | 16 | 7 | 5 | 12.8 | 71.68 |
| കോട്ടയം | 32 | 32 | 32 | 30 | 0 | 3.5 | 61 |
| ഇടുക്കി | 49 | 34 | 26 | 0 | 0 | 0 | 0 |
| എറണാകുളം | 17 | 17 | 17 | 16 | 13 | 28.84 | 423.72 |
| പാലക്കാട് | 51 | 51 | 51 | 41 | 40 | 170.79 | 1173.831 |
| കോഴിക്കോട് | 14 | 14 | 14 | 14 | 1 | 0 | 2.15 |
| വയനാട് | 26 | 26 | 26 | 22 | 26 | 6.8 | 76.2 |
| കണ്ണൂർ | 18 | 18 | 18 | 18 | 18 | 2.5 | 159.2 |
| ആകെ | 230 | 215 | 207 | 155 | 110 | 227.63 | 2349.467 |

മാപത്തോൺ രണ്ടാംഘട്ട ഗ്രാമപഞ്ചായത്ത്തല അവതരണം 155 തദ്ദേശസ്ഥാപനങ്ങളിലും

പൂർത്തീകരിച്ചു. മാപത്തോൺ അവതരണം പൂർത്തിയായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. 110 ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. അവതരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

മാപത്തോൺ പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് തല പ്രവർത്തനങ്ങളുടെ ഭാഗമായി നവംബർ മാസത്തിൽ 227.63 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചു. നാളിതുവരെ 110 ഗ്രാമപഞ്ചായത്തുകളിലായി 2349 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.

- ❖ പാലക്കാട് (170.79) എറണാകുളം (28.84 km), പത്തനംതിട്ട (12.8 km), വയനാട് (6.8km), കോട്ടയം (3.5km), കണ്ണൂർ (2.5Km), കൊല്ലം (2.4km) എന്ന തോതിലാണ് നീർച്ചാൽ പുനരുജ്ജീകരണം നവംബർ മാസത്തിൽ നടന്നത്.
- ❖ കൊല്ലം ജില്ലയിൽ നവംബർ മാസം 2.4 കി.മീ. നീർച്ചാൽ ശൃംഖല വീണ്ടെടുക്കൽ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ജില്ലയിലെ 7 ഗ്രാമപഞ്ചായത്തുകളിലായി 381.686 കി.മീ. നീർച്ചാൽ പുനരുജ്ജീവനം നടത്തി.
- ❖ പാലക്കാട് ജില്ലയിൽ മാപത്തോണിൽ കണ്ടെത്തിയ മുഴുവൻ നീർച്ചാലുകളെയും മാർച്ച് 30 നുള്ളിൽ നീരുറവിന്റെ ഭാഗമായി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ടെക്നിക്കൽ കമ്മിറ്റികൾ ചേർന്ന് തീരുമാനിച്ചു. പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നവംബർ മാസത്തിൽ മാപത്തോൺ രണ്ടാം ഘട്ടം അവതരണം നടത്തി.
- ❖ കണ്ണൂർ ജില്ലയിൽ മാപത്തോൺ മാപിങ് സർവേയിൽ ലഭിച്ച മാപുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ ചടങ്ങ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. കണിച്ചാർ, കൊട്ടിയൂർ, കേളകം, പേരാവൂർ, കോളയാട്, മുഴക്കുന്ന് എന്നീ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ മാപ് ഏറ്റുവാങ്ങി. സംസ്ഥാനത്തെ പശ്ചിമഘട്ടത്തോട് ചേർന്നു കിടക്കുന്ന ഗ്രാമ പഞ്ചായത്തുകളിലെ തോടുകൾ, പുഴകൾ എന്നിവയാണ് കഴിഞ്ഞ വർഷം ഡിജിറ്റൽ സർവേ ചെയ്തത്. മൊബൈൽ ആപ്പിൽ രേഖപെടുത്തിയ മാപ്പുകൾ ഐടി മിഷന്റെ സഹായത്തോടെ കൂട്ടിയോജിപ്പിച്ചാണ് ഓരോ പഞ്ചായത്തിന്റെയും ജല സ്രോതസ്സുകളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കിയത്.

**മാപത്തോൺ - നവംബർ മാസത്തെ പ്രവർത്തനം**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 5 | 3 | 31 | 50 | 84 | 0 | 0 | 1 | 20 | 167 | 944 |

## 5. നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് 'നീരുറവ്'.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ചു നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. ഹരിത കേരളം മിഷൻ നടപ്പിലാക്കിയ ജലബജറ്റ്, മാപത്തോൺ എന്നീ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫീൽഡ്തല കണ്ടെത്തലുകൾ ഉൾക്കൊള്ളിച്ചു കൊണ്ട് നീരുറവ് മാസ്റ്റർപ്ലാൻ പരിഷ്കരിച്ചിരുന്നു.

ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധ വുകുപ്പുകളുടേയും

ഏജൻസികളുടേയും നേതൃത്വത്തിൽ നീരുറവ് പ്ലാൻ തയ്യാറാക്കുകയും ഈ പ്ലാനുകൾ ഏകോപിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഒരൊറ്റ പ്ലാനാക്കി മാറ്റാനും സാധിച്ചു. ഇതിന്റെ ഭാഗമായി ബ്ലോക്ക് ഗ്രാമപഞ്ചായത്തുതല സംഘാടക സമിതി രൂപീകരിക്കുകയും യോഗങ്ങൾ ചേരുകയും ചെയ്തു.

| നീരുറവ് പ്രവർത്തന പുരോഗതി - നവംബർ മാസം | | | | |
|---|---|---|---|---|
| ജില്ല | ജല ബജറ്റ്, മാപത്തോൺ പ്രവർത്തനങ്ങൾ നടന്ന ത.സ്വ.ഭ സ്ഥാപനങ്ങൾ | ഏറ്റെടുത്ത പ്രവർത്തനങ്ങൾ | പൂർത്തീകരിച്ച പ്രവർത്തനങ്ങൾ | % |
| തിരുവനന്തപുരം | 8 | 1592 | 1396 | 87.69% |
| കൊല്ലം | 12 | 19716 | 19716 | 100.00% |
| പത്തനംതിട്ട | 47 | 1863 | 609 | 32.69% |
| ആലപ്പുഴ | 7 | 262 | 186 | 70.99% |
| കോട്ടയം | 36 | 4765 | 4765 | 100.00% |
| ഇടുക്കി | 47 | 1272 | 1029 | 80.90% |
| എറണാകുളം | 34 | 2929 | 2105 | 71.87% |
| തൃശൂർ | 8 | 124 | 114 | 91.94% |
| പാലക്കാട് | 69 | 8379 | 8379 | 100.00% |
| മലപ്പുറം | 7 | 441 | 384 | 87.07% |
| കോഴിക്കോട് | 24 | 968 | 489 | 50.52% |
| വയനാട് | 26 | 632 | 630 | 99.68% |
| കണ്ണൂർ | 23 | 2106 | 2106 | 100.00% |
| കാസർഗോഡ് | 5 | 500 | 487 | 97.40% |
| ആകെ | 353 | 45549 | 42395 | 93.08% |

- ❖ നീരുറവ് പദ്ധതിയിലേക്ക് മാപത്തോൺ, ജലബജറ്റ് കണ്ടെത്തലുകൾ എന്നിവ ഉൾകൊള്ളിക്കുന്നത് വഴി ഫലത്തിൽ മാപത്തോൺ, ജലബജറ്റ് പദ്ധതികളുടെ ഭൗതിക പുരോഗതി കൈവരിക്കാൻ സാദ്ധ്യമാകും. മാപത്തോൺ, ജലബജറ്റ് നടന്ന 353 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നീരുറവ് പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.
- ❖ സംസ്ഥാനത്തെ 353 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത 45549 നീരുറവു പ്രവർത്തനങ്ങളിൽ 42395 പ്രവർത്തനങ്ങൾ (93.08%) പൂർത്തീകരിച്ചു.
- ❖ ഇടുക്കി ജില്ലയിൽ 29 ഗ്രാമപഞ്ചായത്തുകളിലായി 100 നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.

| നീരുറവ് - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 44 | 80 | 154 | 66 | 300 | 0 | 0 | 0 | 0 | 213 | 58 |

- ❖ പാലക്കാട് ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൽ ഉൾപ്പെടുത്തി ഇനി ഞാൻ ഒഴുക്കട്ടെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി ജില്ലാ–ബ്ലോക്ക്-പഞ്ചായത്ത് തല ടെക്നിക്കൽ കമ്മിറ്റികൾ നടന്നുവരുന്നു. ഡിസംബർ മാസം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇനി ഞാൻ ഒഴുക്കട്ടെ ഭാഗമായിട്ടുള്ള നീരുറവിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായിട്ടുള്ള ഒരുക്കങ്ങൾ പൂർത്തിയായി.
- ❖ കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ 5 ഗ്രാമപഞ്ചായത്തിലാണ് പ്രധാനമായും നീരുറവ് പ്രവർത്തനങ്ങൾ നടക്കുന്നത്. മടിക്കൈ ഗ്രാമപഞ്ചായത്തിൽ 0.8 കി.മീ നീളത്തിൽ 1 നീർച്ചാൽ പുനരുജ്ജീവനവും ഉദുമ, പള്ളിക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഓരോ കിണർ റീചാർജ്ജിഗും

അജാനൂരിൽ ഒരു പുതിയ കിണറും നിർമ്മിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ജലാശയങ്ങളുടെ ശുചിത്വം ഉറപ്പാക്കലിന്റെ ഭാഗമായി ഡിസംബർ 8-ന് ആരംഭിക്കുന്ന "ഇനി ഞാൻ ഒഴുകട്ടെ" മൂന്നാംഘട്ടം പ്രവർത്തനങ്ങൾ ജില്ലയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി നീർച്ചാലുകളുടെ വീണ്ടെടുക്കൽ ആരംഭിക്കുന്നതിന് മുന്നോടിയായി ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ജില്ലാതല നിർവ്വഹണ സമിതി യോഗം നവംബർ 14-ന് ചേർന്നു. ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം കരീപ്ര ഗ്രാമപഞ്ചായത്തിൽ ധനകാര്യവകുപ്പ് മന്ത്രി ശ്രീ.കെ.എൻ.ബാലഗോപാൽ നിർവ്വഹിക്കുന്നതാണ്.
- ❖ കൊല്ലം ജില്ലയിൽ അഷ്ടമുടി കായലിലെ മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണിന്നതിനായി കായലിലെ മാലിന്യം അടിഞ്ഞുകൂടുന്ന വിവിധ പ്രദേശങ്ങളും, മണിച്ചിത്തോട്, അഷ്ടമുടി കായലിലേക്ക് എത്തിച്ചേരുന്ന ലിങ്ക് റോഡിന്റെ ഭാഗവും പുള്ളിക്കട കോളനി ഭാഗവും കോളനിയിൽ കൂടി കടന്നുപോകുന്ന തോടിന്റെ പ്രദേശങ്ങളും ഹരിത കേരളം മിഷൻ സംസ്ഥാന ടീം സന്ദർശിച്ചു. മേഖലയിലെ പ്രശ്നങ്ങളും അതോടൊപ്പം മാലിന്യമുക്തമാക്കുന്നതിനുള്ള സാധ്യതകളും വിലയിരുത്തി. കെ.എസ്ആർടിസിയുടെ ഭാഗത്തുള്ള ഓയിൽ വേർതിരിച്ച് ജലം കായലിലേക്ക് വിടുന്നതിനും നിലവിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പര്യാപ്തമായി ടെക്നോളജി ഉപയോഗിച്ച് കായൽ മലിനീകരണം ഒഴിവാക്കുന്നതിനും തീരുമാനിച്ചു .നിലവിലുള്ള പ്രവർത്തനങ്ങളിൽ ഉണ്ടായ വീഴ്ചകൾ പരിഹരിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വേണ്ട ഇടപെടലുകളെ കുറിച്ചും കൊല്ലം കോർപ്പറേഷൻ മേയറുമായി ചർച്ച ചെയ്തു.

## 6. ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

ജല ഗുണനിലവാര നിർണ്ണയ ലാബുകൾ 534 ഹയർ സെക്കൻഡറി സ്കൂളുകളിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ പെരിയാർ, പമ്പാ നദികളുടെ നദീതടത്തിൽപെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ (എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ) 313 ഹയർ സെക്കണ്ടറി സ്കൂളുകളിൽ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയാണ് ലാബുകൾ സ്ഥാപിക്കുന്നത്.

നവംബർ മാസം വരെ ആകെ 321 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 292 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ബാക്കിയുള്ള 213 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. നവംബർ മാസത്തെ 706 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 30,730 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

- ❖ കൊല്ലം ജില്ലയിൽ ലാബിലേക്ക് കിറ്റ്, കെമിക്കൽ എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.
- ❖ എറണാകുളം ജില്ലയിൽ കരുമാലൂർ ഗ്രാമപഞ്ചായത്തിലെ എഫ്.എം.സി.ടി ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ജലഗുണനിലവാര പരിശോധനാ ലാബിന്റെ ഉദ്ഘാടനം കരുമാലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ചിറ്റൂർ നിയോജക മണ്ഡലത്തിലെ ലാബ് സ്ഥാപിച്ചിട്ടുള്ള 10 സ്കൂളുകളിലും പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് കെമിക്കലുകൾ ലഭ്യമാക്കി. ജലഗുണ നിലവാര പരിശോധന

ആരംഭിച്ചിട്ടുണ്ട്. ഈ 10 സ്കൂളുകളിലെ ലാബുകളിലും ജലഗുണനിലവാര പരിശോധന ക്യാമ്പയിൻ ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിന്റെ ഭാഗമായിട്ട് ഡിസംബർ മാസത്തിൽ സംഘടിപ്പിക്കും.

| ജലഗുണനിലവാര നിർണ്ണയ ലാബ് | | | | | |
|---|---|---|---|---|---|
| ജില്ലാ | പ്രവർത്തന സജ്ജമായ ലാബുകൾ | വാട്ടർ ടെസ്റ്റിംഗ് | | | |
| | | ഒക്ടോബർ വരെ | നവംബർ | ഇതു വരെ നടത്തിയ പരിശോധനകൾ | |
| തിരുവനന്തപുരം | 13 | 1,580 | 10 | 1,590 | |
| കൊല്ലം | 11 | 1,224 | 14 | 1,238 | |
| പത്തനംതിട്ട | 21 | 62 | 55 | 117 | |
| ആലപ്പുഴ | 28 | 892 | 16 | 908 | |
| കോട്ടയം | 31 | 631 | 310 | 941 | |
| ഇടുക്കി | 35 | 2,444 | 25 | 2,469 | |
| എറണാകുളം | 54 | 114 | 24 | 138 | |
| തൃശൂർ | 54 | 18,159 | 79 | 18,238 | |
| പാലക്കാട് | 12 | 218 | 1 | 219 | |
| മലപ്പുറം | | | | | |
| കോഴിക്കോട് | 29 | 1,981 | 119 | 2,100 | |
| വയനാട് | | | | | |
| കണ്ണൂർ | 21 | 1,766 | 8 | 1,774 | |
| കാസർഗോഡ് | 12 | 953 | 45 | 998 | |
| ആകെ | 321 | 30,024 | 706 | 30,730 | |

- കണ്ണൂർ ജില്ലയിൽ ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ 13 ഹയർ സെക്കണ്ടറി സ്കൂളുകളിലെ കെമിസ്ട്രി ലാബുകളോട് ചേർന്ന് ജലപരിശോധന ലാബുകൾ നിർമാണം പൂർത്തീകരിച്ചു. ലാബിന്റെ ഔദ്യോഗിക ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് 2024 നവംബർ മാസം നിർവ്വഹിച്ചു.

## 7. പച്ചത്തുരുത്തുകൾ

- 2019 ജൂൺ മുതൽ 2024 നവംബർ വരെയുള്ള അഞ്ചു വർഷ കാലയളവിൽ സംസ്ഥാനത്ത് 1106.9 ഏക്കർ ആകെ വിസ്തൃതിയിൽ 3570 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. 2024 നവംബർ മാസത്തിൽ മാത്രം സംസ്ഥാനത്തു 34.04 ഏക്കർ ആകെ വിസ്തൃതിയിൽ 19 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (298.21 ഏക്കർ ആകെ വിസ്തൃതിയിൽ 203 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ് (212.60 ഏക്കർ ആകെ വിസ്തൃതിയിൽ 796 പച്ചതുരുത്തുകൾ).
- പാലക്കാട് (127.45 ഏക്കർ ആകെ വിസ്തൃതിയിൽ 338 പച്ചതുരുത്തുകൾ), മലപ്പുറം (75.89 ഏക്കർ ആകെ വിസ്തൃതിയിൽ 149 പച്ചതുരുത്തുകൾ) കൊല്ലം (76.11 ഏക്കർ ആകെ വിസ്തൃതിയിൽ 286 പച്ചതുരുത്തുകൾ) എന്നീ ജില്ലകളിലും കൂടുതൽ വിസ്തൃതിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.
- നവംബർ മാസത്തിൽ സ്ഥാപിച്ച പച്ചത്തുരുത്തുകളിൽ എണ്ണത്തിൽ ഏറ്റവും കൂടുതൽ ഇടുക്കി ജില്ലയിലാണ് (3.15 ഏക്കർ ആകെ വിസ്തൃതിയിൽ 8 പച്ചത്തുരുത്തുകൾ). വിസ്തൃതിയിൽ ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ് (30 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്ത്).
- തിരുവനന്തപുരം ജില്ലയിൽ 0.03 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, തൃശ്ശൂർ ജില്ലയിൽ 0.1 ഏക്കർ ആകെ വിസ്തൃതിയിൽ 3 പച്ചത്തുരുത്തുകളും, കോഴിക്കോട് ജില്ലയിൽ 0.1 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, വയനാട് ജില്ലയിൽ 0.2 ഏക്കർ ആകെ വിസ്തൃതിയിൽ 1 പച്ചത്തുരുത്തും, കണ്ണൂർ ജില്ലയിൽ 0.31 ഏക്കർ ആകെ വിസ്തൃതിയിൽ 2

പച്ചത്തുരുത്തുകളും, കാസർഗോഡ് ജില്ലയിൽ 0.15 ഏക്കർ ആകെ വിസ്തൃതിയിൽ 2 പച്ചത്തുരുത്തുകളും നവംബർ മാസത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | 2019 ജൂൺ മാസം മുതൽ 2024 ഒക്ടോബർ വരെ | | 2024 നവംബർ മാസത്തിൽ മാത്രം | | 2019 ജൂൺ മാസം മുതൽ 2024 നവംബർ വരെ | |
|---|---|---|---|---|---|---|
| | ആകെ എണ്ണം | ആകെ (ഏക്കർ) | ആകെ എണ്ണം | വിസ്തൃതി (ഏക്കറിൽ) | ആകെ എണ്ണം | ആകെ (ഏക്കർ) |
| തിരുവനന്തപുരം | 505 | 62.9 | 1 | 0.03 | 506 | 62.92 |
| കൊല്ലം | 285 | 46.1 | 1 | 30 | 286 | 76.11 |
| പത്തനംതിട്ട | 188 | 34.6 | 0 | 0 | 188 | 34.56 |
| ആലപ്പുഴ | 100 | 22.4 | 0 | 0 | 100 | 22.40 |
| കോട്ടയം | 276 | 32.9 | 0 | 0 | 276 | 32.87 |
| ഇടുക്കി | 75 | 24.9 | 8 | 3.15 | 83 | 28.04 |
| എറണാകുളം | 146 | 20.2 | 0 | 0 | 146 | 20.20 |
| തൃശ്ശൂർ | 200 | 40.2 | 3 | 0.1 | 203 | 40.31 |
| പാലക്കാട് | 338 | 127.5 | 0 | 0 | 338 | 127.45 |
| മലപ്പുറം | 149 | 75.9 | 0 | 0 | 149 | 75.89 |
| കോഴിക്കോട് | 224 | 51.9 | 1 | 0.1 | 225 | 52.02 |
| വയനാട് | 70 | 23.2 | 1 | 0.2 | 71 | 23.36 |
| കണ്ണൂർ | 201 | 297.9 | 2 | 0.31 | 203 | 298.21 |
| കാസർഗോഡ് | 794 | 212.5 | 2 | 0.15 | 796 | 212.60 |
| ആകെ | 3551 | 1072.91 | 19 | 34.04 | 3570 | 1106.95 |

- ❖ സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ നിലവിലുള്ള അവസ്ഥ വിലയിരുത്തുന്നതിനും നശിച്ചുപോയ ചെടികൾക്കു പകരം പുതിയ ചെടികൾ വെച്ച് പിടിപ്പിക്കാനും ലക്ഷ്യം വച്ച് കൊണ്ട് എല്ലാ ജില്ലയിലും ഹരിത കേരളം മിഷൻ റിസോർസ് പേർസൺമാർ പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നവംബർ മാസത്തിൽ 48 പച്ചത്തുരുത്തുകൾ പുനർസന്ദർശിക്കുകയും 9 പച്ചത്തുരുത്തുകളിൽ റീപ്ലാന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. റീപ്ലാന്റിംഗിനായി 42 തൈകൾ ആവശ്യമായി വന്നു.
- ❖ "**പുനർജ്ജനി പച്ചത്തുരുത്ത്**" - കൊല്ലം ജില്ലയിൽ നവംബർ മാസത്തിൽ പന്മന, ചവറ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട കെ.എം.എം.എൽ-ൽ 30 ഏക്കറിൽ "പുനർജ്ജനി പച്ചത്തുരുത്ത്" സംസ്ഥാന നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രി പി.രാജീവ് ഉദ്ഘാടനം നിർവ്വഹിച്ചു. ഖനനം നടന്നതിനു ശേഷം ഉപയോഗിക്കാതെ കിടന്ന ഭൂമിയിലാണ് പുനർജ്ജനി പച്ചത്തുരുത്ത് ആരംഭിച്ചത്. സംസ്ഥാനത്ത് ആദ്യമായാണ് കെ.എം.എം.എൽ ഖനനം നടന്ന ശേഷം യാതൊരു വളക്കൂറുമില്ലാത്ത ഉപയോഗിക്കാതെ കിടന്ന ഭൂമിയിൽ പച്ചത്തുരുത്ത് ആരംഭിക്കുന്നത്. മൈനിംഗ് കഴിഞ്ഞ മണ്ണിൽ ആവശ്യമായ വളം, ചകിരിച്ചോറ്, കരിയില തുടങ്ങിയവ ചേർത്ത് പാകപ്പെടുത്തിയാണ് തൈകൾ നടുന്നത്. പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിട്യൂട്ട്, സംസ്ഥാന കശുവണ്ടി വികസന ഏജൻസി എന്നിവിടങ്ങളിൽ നിന്നും പ്രദേശത്തിന് അനുയോജ്യമായ അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻ തൈകൾ, വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ, വിവിധയിനം നാട്ടുമരങ്ങളുടെ തൈകൾ എന്നിവയാണ് വെച്ചുപിടിപ്പിക്കുന്നത്.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി മുൻസിപ്പാലിറ്റിയിൽ മഞ്ഞാലി തോടിനു സമീപം സങ്കല്പതരു എന്ന NGO-യുടെ സഹകരണത്തോടെ നിർമ്മിച്ച പച്ചത്തുരുത്ത് ഡിസംബർ മാസം ഉദ്ഘാടനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ എറണാകുളം ജില്ലയിൽ കടവൂർ ഗവണ്മെന്റ് എൽ.പി സ്കൂളിൽ മൂന്നു സെന്റ് സ്ഥലത്തു പുതിയ ഫല വൃക്ഷങ്ങളുടെ പച്ചത്തുരുത്ത് നിർമിച്ചു വരുന്നു.
- ❖ തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ എംസിഫ്, മോക്ഷാലയം എന്നിവിടങ്ങളിൽ

അഞ്ചു സെന്റ് സ്ഥലത്ത് ഫലവൃക്ഷ പച്ചത്തുരുത്തും, ഔഷധത്തോട്ടവും നവംബർ 15 ന് പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു.

- ❖ തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബഡ്സ് സ്കൂളും പരിസരവും ജനകീയ പങ്കാളിത്തത്തോടെ വൃത്തിയാക്കുകയും ഔഷധ സസ്യങ്ങളുടെ ഒരു പച്ചത്തുരുത്ത് തയ്യാറാക്കുകയും ചെയ്തു.
- ❖ തൃശ്ശൂർ ജില്ലയിലെ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി അതിരപ്പിള്ളി ട്രൈബർ അധിവാസ കേന്ദ്രങ്ങളോട് അനുബന്ധിച്ച് ഏകദേശം 2000 ഫലവൃക്ഷത്തൈകൾ പെരുമ്പാറ, അടിച്ചിൽ തൊട്ടി, വെട്ടിവെട്ടക്കാട്, ഷോളയാർ, അരീക്കപ്പ്, അരൂർമുഴി എന്നീ പ്രദേശങ്ങളിൽ വെച്ചുപിടിപ്പിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിലെ സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ എന്നിവ പ്രവർത്തിക്കുന്ന ഓഫീസുകളുടെ പരിസര പ്രദേശങ്ങളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനായി സ്ഥലങ്ങൾ കണ്ടെത്താൻ വേണ്ടി ജില്ലയിൽ 491 ഓഫീസുകളിൽ സർവ്വേ പൂർത്തീകരിച്ചു. അതിൽ 98 സ്ഥാപനങ്ങളിലായി 1213.5 സെന്റ് സ്ഥലം പച്ചത്തുരുത്തിനായി കണ്ടെത്തിയിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ പാരിസ്ഥിതികം 2024 ക്യാമ്പയിനിൽ ഉൾപെടുത്തിയിട്ടുള്ള "ഗ്രീൻ ദി ഗ്യാപ്" പദ്ധതിയിൽ ഭാഗമായിട്ടുള്ള പച്ചത്തുരുത്തുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഡിസംബർ മാസത്തിൽ ആരംഭിക്കും .
- ❖ കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ 10 സെന്റ് വിസ്തൃതിയിൽ ജനകീയ പച്ചത്തുരുത്ത് ഉദ്ഘാടനം ചെയ്തു.
- ❖ വയനാട് ജില്ലയിൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ പുതുതായി പച്ചത്തുരുത്ത് നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വാർഡ് 12-ലെ പുഴയ്ക്കൽ എന്ന സ്ഥലത്താണ് 20 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്, തുടർനടപടികൾ നടന്നുവരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ നവംബർ മാസം 15 സെന്റിൽ 2 പുതിയ പച്ചത്തുരുത്തുകൾ നിർമ്മിച്ചിട്ടുണ്ട്. 4 പച്ചത്തുരുത്തുകൾ പുനസന്ദർശനം നടത്തിയിട്ടുണ്ട്.

| പച്ചത്തുരുത്ത് - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാല | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 61 | 140 | 225 | 235 | 600 | 0 | 0 | 0 | 0 | 163 | 861 |

## 8. കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം, ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 9 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം നവംബർ മാസം വരെ 2422 വാർഡുകളിൽ നടന്നു. പന്ത്രണ്ട് ജില്ലകളിലായി 916 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി. കൂടുതൽ വാർഡുകൾ ഹരിതസമൃദ്ധി വാർഡുകളാക്കിയത് തിരുവനന്തപുരം (246), കാസർഗോഡ് (163), തൃശ്ശൂർ (143), കണ്ണൂർ (125), പത്തനംതിട്ട (60), കൊല്ലം (59), വയനാട് (52) എന്നീ ജില്ലകളാണ്.

| തരിശുരഹിത ഗ്രാമം | | | ഹരിതസമൃദ്ധി വാർഡുകൾ | | |
|---|---|---|---|---|---|
| ടാർഗറ്റ് (ഒരു ബ്ളോക്കിൽ ഒരു ഗ്രാ.പ) | തെരഞ്ഞെടുത്ത ത.സ്വ.ഭ സ്ഥാപനങ്ങളുടെ എണ്ണം (നെറ്റ് സീറോ പഞ്ചായത്തുകൾ ഉൾപ്പെടെ) | പ്രഖ്യാപനം നടത്തിയ ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | ടാർഗറ്റ് (ഒരു ബ്ളോക്കിൽ 20 വാർഡുകൾ) | തെരഞ്ഞെടുത്ത ഹരിതസമൃദ്ധി വാർഡുകളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ വാർഡുകളുടെ എണ്ണം |
| 152 | 164 | 9 | 3040 | 2422 | 916 |

ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി റിപ്പോർട്ട് മാസം വരെ 72 ദേവാലയങ്ങളിൽ നടന്നു വരുന്നു.

- ❖ തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഹരിതസമൃദ്ധിവാർഡ്, തരിശുരഹിതഗ്രാമം എന്നീ പ്രവർത്തനങ്ങളുടെ സർവേ നടത്തി. ഹരിതസമൃദ്ധിവാർഡ് പ്രവർത്തനമായി ബന്ധപ്പെട്ട് വീടുകളിൽ തൈകളുടെ വിതരണം നടന്നു വരുന്നു.
- ❖ കൊല്ലം ജില്ലയിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 19-ലെ കാഷ്യു ഫാക്ടറി പ്രദേശത്തെ 5 എക്കർ സ്ഥലം, വാർഡ് 2-ലെ കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ പരിധിയിലുള്ള 3 എക്കർ സ്ഥലങ്ങളിൽ NREGS, കുടുംബശ്രീ JLG ഗ്രൂപ്പുകളെ കൊണ്ടു കൃഷി ചെയ്യിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ വെളിയം ഗ്രാമ പഞ്ചായത്തിലെ എല്ലാ വീടുകളിലും പച്ചക്കറി തൈ, വിത്ത് എന്നിവ നൽകി ഹരിത സമൃദ്ധി വാർഡുകൾ ആകുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു.
- ❖ കോട്ടയം ജില്ലയിൽ ഉഴവൂർ ബ്ലോക്കിലെ വെളിയന്നൂർ ഗ്രാമപഞ്ചായത്തിനെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിക്കാൻ സജ്ജമാണ്. ബാക്കിയുള്ള ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ എറണാകുളം ജില്ലയിൽ മുളവുകാട് ഗ്രാമപഞ്ചായത്തിലെ കാർത്തിയാനി അമ്പലത്തിനു സമീപം 2 വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായി പ്രഖാപിച്ചു. കൂടാതെ വൈപ്പിൻ ബ്ലോക്കിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ 11, 12, 15, 16, 21, 22 വാർഡുകളെ ഹരിത സമൃദ്ധി വാർഡുകളായി പഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപിച്ചു.
- ❖ എറണാകുളം ജില്ലയിൽ അങ്കമാലി നഗരസഭയിലെ വാർഡ് രണ്ടിൽ ഹരിത സമൃദ്ധി വാർഡിന്റെ ഭാഗമായി ഒരു ഏക്കർ സ്ഥലം ഏറ്റെടുത്ത് പച്ചക്കറി കൃഷിയുടെ വിത്തിടൽ വാർഡ് കൗൺസിലർ നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ട് മാസത്തിൽ 38 വാർഡുകളിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം നടന്നു.
- ❖ പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ വാർഡ് 4 (മഞ്ഞപ്ര) ഹരിത സമൃദ്ധി വാർഡായി പ്രഖ്യാപിച്ചു. നിലവിൽ ജില്ലയിൽ 17 വാർഡുകളെ ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കിൽ മധൂർ ക്ഷേത്രം വക ഒരു എക്കർ സ്ഥലത്ത് നെൽകൃഷി നടത്തി. ദേലംപാടിയിൽ ഹരിതസമൃദ്ധി വാർഡുകൾ നിലനിർത്തുന്നതിന് വേണ്ടി പച്ചക്കറി തൈകൾ വിതരണം നടന്നു വരുന്നു. ദേവഹരിതവുമായി ബന്ധപ്പെട്ട് കാറഡുക്ക ഗ്രാമപഞ്ചായത്തിൽ ആദൂർ പെരുങ്കളിയാട്ടത്തിന് വേണ്ടി കൃഷിയിറക്കിയ പാടത്തു നെല്ല് കൊയ്ത്തു കഴിഞ്ഞു. വെള്ളരി കൃഷി വിളവെടുത്തു. ഇഞ്ചി, മഞ്ഞൾ കൃഷി നന്നായി നടക്കുന്നുണ്ട്. മൊഗ്രാൽപുത്തൂർ പഞ്ചായത്തിൽ ചൗക്കി കിഴക്കേ വീട് ശ്രീ വയനാട്ടുകുലവൻ തെയ്യം കെട്ട് ഉത്സവത്തിനായി അര ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തു.

### 8.1 തെങ്ങിന് തടം മണ്ണിന് ജലം – ക്യാമ്പയിൻ

- ❖ കൊല്ലം ജില്ലയിൽ തെങ്ങിന് തടംമണ്ണിന് ജലംക്യാമ്പയിൻ പ്രവർത്തനങ്ങൾക്കായി എല്ലാ ബ്ലോക്ക്പഞ്ചായത്തുകളിലും വാർഡുകൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഓച്ചിറ, ചവറ, പത്തനാപുരം, മുഖത്തല, പരവൂർ നഗരസഭ എന്നിവിടങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പുരോഗമിക്കുന്നു.
- ❖ ആലപ്പുഴ ജില്ലയിൽ തഴക്കര ഗ്രാമപഞ്ചായത്തിൽ തെങ്ങിന് തടം മണ്ണിനു ജലം ക്യാമ്പയിനുമായി

ബന്ധപ്പെട്ട് 3 കർഷകരെ ആദരിച്ചു. പദ്ധതി നടപ്പിലാക്കിയ വീട്ടുവളപ്പുകളുടെ / പുരയിടങ്ങളുടെ എണ്ണം - 15, തടം എടുത്ത തെങ്ങുകളുടെ എണ്ണം - 156

- എറണാകുളം ജില്ലയിൽ കിഴക്കമ്പലം പഞ്ചായത്തിൽ വാർഡ് 15 ൽ തെങ്ങിന് തടം മണ്ണിന് ജലം പരിപാടിക്ക് തുടക്കം കുറിച്ചു. സ്വകാര്യ വ്യക്തിയുടെ 20 സെന്റ് സ്ഥലത്ത് 15 തെങ്ങുകൾക്ക് തടം എടുത്ത് പദ്ധതി ആരംഭിച്ചു. കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ വാർഡ് 3-ൽ തെങ്ങിന് തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തടം ഒരുക്കുന്നതിന് തുടക്കം കുറിച്ചു.
- പാലക്കാട് ജില്ലയിൽ നെന്മാറ, ആലത്തൂർ, കുഴൽമന്ദം, ചിറ്റൂർ എന്നീ 4 ബ്ലോക്കുകളിൽ ബ്ലോക്ക് തല ഉദ്ഘാടനം നടത്തി ക്യാമ്പയിൻ പ്രവർത്തനം നടന്നു വരുന്നു.
- കോഴിക്കോട് ജില്ലയിൽ വടകര നഗരസഭ വാർഡ് 29ൽ വാർഡ് തല ഉദ്ഘാടനം നടത്തി. നെറ്റ് സീറോ വാർഡ് പ്രവർത്തനം ഏറ്റെടുത്ത വാർഡാണ് ഇത്.
- കാസർഗോഡ് ജില്ലയിൽ തെങ്ങിന് തടം മണ്ണിന് ജലം കാമ്പയിൻ ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലും 3 മുൻസിപ്പാലിറ്റികളിലും നടപ്പിലാക്കുവാൻ തീരുമാനിച്ചു. ജില്ലയിൽ ഇതുവരെ 6512 പുരയിടങ്ങളിൽ 67193 തെങ്ങിന് തടം എടുത്തു.

**കാർഷിക മേഖല - നവംബർ മാസത്തെ പ്രവർത്തനം**

| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 44 | 101 | 246 | 161 | 508 | 1 | 108 | 0 | 0 | 176 | 751 |

## 9. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് നടപ്പിലാക്കി വരുന്നത്.

- നവംബർ മാസത്തിൽ 753.409 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും, 3103.391 ടൺ നിഷ്ക്രിയ മാലിന്യങ്ങളും, 191.390 ടൺ ലെഗസി മാലിന്യങ്ങളും, 19.767 ടൺ ഇ-മാലിന്യങ്ങളും, 196.769 ടൺ ചില്ല് മാലിന്യവും 5.685 ടൺ തുണി മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.
- മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്ക്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 1027 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
- ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 97.04 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.
- കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലകളിൽ സ്വകാര്യ പങ്കാളിത്തത്തോടെ 35 റെന്ററിംഗ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

## 10. മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2024 ജൂലൈ 26, 27 തീയതികളിൽ നടന്ന വകുപ്പ് മേധാവികളുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗങ്ങളിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സർവതല സ്പർശിയായി ജനകീയ പങ്കാളിത്തത്തോടെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനത്തിൽ) തുടക്കം കുറിച്ച് 2025 മാർച്ച് 30ന് (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) ലക്ഷ്യം നേടാൻ കഴിയും വിധത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്.

മാലിന്യം മുക്തം ജനകീയ കാമ്പയിനുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തങ്ങൾ നവംബർ മാസത്തിൽ നടന്നിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങളുടെ ഉദ്ഘാടനപരിപാടികൾ / ഹരിത പ്രഖ്യാപനങ്ങൾ എന്നിവ നവംബർ 1-ന് നിശ്ചയിച്ചിരുന്നെങ്കിലും ചില ഇടങ്ങളിൽ നവംബർ 8 വരെ ഉദ്ഘാടനങ്ങൾ നീണ്ടുപോയിട്ടുണ്ട്.

| മാലിന്യം മുക്തം ജനകീയ കാമ്പയിൻ പ്രവർത്തനങ്ങൾ നവംബർ മാസം വരെ | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ | തിരഞ്ഞെടുത്തത് | പ്രഖ്യാപനം നടത്തിയത് | നവംബർ മാസം ലക്ഷ്യം വച്ചത് (ശതമാനത്തിൽ) | പൂർത്തീകരിച്ചത് (ശതമാനത്തിൽ) |
| ടൗൺ | 2279 | 470 | 1034 എണ്ണം | 20.62% |
| മാർക്കറ്റ് / പൊതുസ്ഥലം | 1709 | 323 | 1034 എണ്ണം | 18.90% |
| അയൽക്കൂട്ടങ്ങൾ | 306273 | 111411 | 10 % | 36.38% |
| ഹരിത വിദ്യാലയങ്ങൾ | 14397 | 7297 | 50 % | 50.68% |
| ഹരിത കലാലയങ്ങൾ | 1345 | 440 | 50 % | 32.71% |
| ഹരിതസ്ഥാപനങ്ങൾ | 52488 | 18098 | 50 % | 34.48% |
| ഹരിത ടൂറിസം | 431 | 45 | 10 % | 10.44% |

മാലിന്യ മുക്തം ജനകീയ കാമ്പയിന്റെ ഭാഗമായി നവംബർ മാസത്തിൽ വിവിധ പ്രവർത്തനങ്ങൾക്ക് ടാർഗറ്റുകൾ നൽകിയിരുന്നു. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുംപെട്ട ഒരു ടൗൺ ഹരിതമായി പ്രഖ്യാപിക്കുമെന്ന് ലക്ഷ്യം വച്ചിരുന്നു. ആയതിൽ 1034 ടൗണുകൾ പ്രഖ്യാപിക്കുന്നിടത്ത് 470 ടൗണുകൾ മാത്രമാണ് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലുംപെട്ട ഒരു മാർക്കറ്റ് / പൊതുസ്ഥലം ഹരിതമായി പ്രഖ്യാപിക്കുമെന്ന് ലക്ഷ്യം വച്ചിരുന്നു. ആയതിൽ 1034 മാർക്കറ്റ് / പൊതുസ്ഥലം പ്രഖ്യാപിക്കുന്നിടത്ത് 323 മാർക്കറ്റ് / പൊതുസ്ഥലം മാത്രമാണ് പ്രഖ്യാപിക്കാൻ കഴിഞ്ഞിട്ടുള്ളത്.

നവംബർ മാസം ലക്ഷ്യം വച്ചിട്ടുള്ളതിൽ ഹരിത വിദ്യാലയങ്ങളും, ഹരിത ആൾക്കൂട്ടങ്ങളും, ഹരിത ടൂറിസം കേന്ദ്രങ്ങളും നിശ്ചിത ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഹരിത കലാലയവും, ഹരിത സ്ഥാപനവും നിശ്ചിത ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. ഈ മേഖലയിൽ ലക്ഷ്യം പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ ഹരിത കേരളം മിഷൻ നടത്തുന്നുണ്ട്.

❖ കൊല്ലം ജില്ലയിൽ ജില്ലാതല ഉദ്ഘാടനം കൊല്ലം കോർപ്പറേഷനിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ നിർവഹിച്ചു. ജില്ലയിൽ ആകെയുള്ള 73 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ (ബ്ലോക്ക് പഞ്ചായത്തുകൾ ഒഴികെ) 69 തദ്ദേശസ്ഥാപനങ്ങളിൽ നവംബർ ഒന്നിന് പ്രഖ്യാപനം / ഉദ്ഘാടനം നടന്നു. ഉദ്ഘാടന ചടങ്ങുകളിൽ ആകെ പങ്കാളിത്തം - 6817.
❖ പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ ഹരിത വിദ്യാലയ പ്രഖ്യാപനം, സമ്പൂർണ്ണ ഹരിത അയൽക്കൂട്ട പ്രഖ്യാപനം, ഹരിത സുന്ദര ടൗൺ പ്രഖ്യാപനം റാന്നി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വച്ച് റാന്നി MLA അഡ്വ. പ്രമോദ് നാരായൺ നിർവ്വഹിച്ചു. പങ്കാളിത്തം - 160
❖ ആലപ്പുഴ ജില്ലയിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ എറോബിക് കമ്പോസ്റ്റ് ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പ്രവർത്തന നിയന്ത്രണം മണ്ണഞ്ചേരി ഗ്രാമപഞ്ചയത്തിലെ ഹരിതകർസേനക്ക് ഏൽപ്പിച്ചു.
❖ കോട്ടയം ജില്ലയിൽ അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ എം.സി.എഫ്ന്റെ നിർമ്മാണ ഉദ്ഘാടനം MLA ചാണ്ടി ഉമ്മൻ നിർവഹിച്ചു.
❖ ഇടുക്കി ജില്ലയിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ ഒന്നാംഘട്ട ജില്ലാതല പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ കമ്പിളികണ്ടത്ത് വെച്ച് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു.
❖ ഇടുക്കി ജില്ലയിൽ 43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നവംബർ 1 ന് ക്യാമ്പയിന്റെ ഭാഗമായുള്ള പ്രഖ്യാപനങ്ങൾ നടന്നു. ബാക്കി 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നവംബർ 14 പ്രഖ്യാപനങ്ങൾ നടന്നു. ജില്ലയിലെ ആകെ ജനപങ്കാളിത്തം - 12,375
❖ എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷനിലെ എറണാകുളം KSRTC സ്റ്റാൻഡ് പരിസരത്ത് കൂടി കിടന്ന മാലിന്യ കൂമ്പാരം വേർതിരിച്ച് നീക്കം ചെയ്തു.
❖ എറണാകുളം ജില്ലയിൽ എടക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് ഹരിത അങ്കണവാടികളുടെ പ്രഖ്യാപനം,

ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ, സ്വാപ്പ് ഷോപ്പ്, MGNREGS-ൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തിയ മൂലമ്യാൽ കുളം എന്നിവയുടെ പ്രഖ്യാപനം പിറവം MLA അനൂപ് ജേക്കബ് നിർവഹിച്ചു.

- ❖ തൃശ്ശൂർ ജില്ലയിൽ വിവിധ ഇടങ്ങളിലായി നടത്തപ്പെട്ട പ്രഖ്യാപന പരിപാടിയിൽ ആകെ 2173 ഓളം ആളുകൾ പങ്കെടുത്തു.
- ❖ തൃശ്ശൂർ ജില്ലയിൽ പുന്നയൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ ഹരിതം പുന്നയൂർ എന്ന ഹരിത സാങ്കേതിക കേന്ദ്രം പ്രവർത്തനമാരംഭിച്ചു. ആയതിൽ ബയോബിൻ, ഇനോ കുലം, ചൂടാറാ പെട്ടി, ഹോട്ട് ബോക്സ്, സെറാമിക് പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുന്നു. ഇതുകൂടാതെ തുണി സഞ്ചി, മൺഭരണി, വാഴയില എന്നിവ ഓർഡർ പ്രകാരം എത്തിച്ചു കൊടുക്കുന്നു. ഇതിലൂടെ ഹരിത കർമ്മ സേനാംഗങ്ങൾക്ക് അധിക വരുമാനം കണ്ടെത്തുന്നതിനും അംഗങ്ങളുടെ ഉന്നമനത്തിനും വഴിയൊരുക്കുന്നു. മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുന്നയൂർ ഗ്രാമപഞ്ചായത്ത് മികച്ച മാതൃകയും വഴികാട്ടിയും ആണ്.
- ❖ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് നഗരസഭയുടെ ബസ് സ്റ്റാൻഡിന് സമീപത്തായുള്ള ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രത്തിനോട് ചേർന്ന് സ്ഥാപിച്ച മലിന ജല സംസ്ക്കരണ പ്ലാന്റിന്റെ ഉദ്ഘാടനം നഗരസഭ ചെയർപേഴ്സൺ നിർവഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ നഗരസഭയിൽ ഹരിത കർമ്മ സേനാംഗങ്ങൾ വാതിൽപ്പടി ശേഖരണത്തിന് പോകുമ്പോൾ അവർക്കനുഭവപ്പെടുന്ന അനുഭവങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ഹരിതകർമ്മസേനാംഗങ്ങൾ അഭിനയിച്ച “ഒറ്റമര തണലിൽ” എന്ന ഹ്രസ്വചിത്രം നവംബർ 1 ന് ഗുരുവായൂർ നഗരസഭ ടൗൺ ഹാളിൽ വച്ച് ഗുരുവായൂർ MLA എൻ.കെ.അക്ബർ ഉദ്ഘാടനം നിർവഹിച്ചു.
- ❖ പാലക്കാട് ജില്ലയിൽ ജില്ലയിൽ വിവിധ പ്രഖ്യാപന പരിപാടിയിൽ വിദ്യാർത്ഥികളടക്കം ആകെ 6967 പേർ പങ്കെടുത്തു.
- ❖ വയനാട് ജില്ലയിൽ മാതൃക വിദ്യാലയങ്ങളായി GLPS മൊതക്കര, GUPS കമ്പ്ലക്കാട്, GLPS കാര്യംപടി, GLPS നീർവാരം, ANM UPS മൈലമ്പാടി എന്നിവയും തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ കണ്ണൂർ ജില്ലയിൽ നാറാത്ത് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ വിളംബര ഘോഷയാത്ര അഴീക്കോട് നിയമസഭാ മണ്ഡലം എം.എൽ.എ കെ.വി സുമേഷ് ഉദ്ഘാടനം ചെയ്തു.
- ❖ കണ്ണൂർ ജില്ലയിൽ ജില്ലാ തല ഉദ്ഘാടന പരിപാടിയായി, കൂടാളി പഞ്ചായത്തിലെ കൊളപ്പ ടൗണിനെ ഹരിത മാതൃകാ ടൗണായി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പ്രഖ്യാപിച്ചു. മാലിന്യ ശേഖരണ ഉപാധികളുടെ വിതരണവും പരിപാടിയുടെ ഭാഗമായി നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ നവംബർ 1 ന് ജില്ലാതലത്തിൽ 3 ഉദ്ഘാടനങ്ങളാണ് നടന്നത്. നീലേശ്വരം ബ്ലോക്കിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ ജില്ലാതലം ഉദ്ഘാടനമായി കയ്യൂർ ഹരിത ടൗണിന്റെ പ്രഖ്യാപനവും, കാസർഗോഡ് നഗരസഭയിൽ ഹരിതസ്ഥാപനങ്ങളുടെ ജില്ലാതല പ്രഖ്യാപനവും കാഞ്ഞങ്ങാട് ബ്ലോക്കിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ ഹരിതവിദ്യാലയങ്ങളുടെ ജില്ലാതല പ്രഖ്യാപനവും നടന്നു. പ്രഖ്യാപനങ്ങൾ എൻ.എ നെല്ലിക്കുന്ന് എം.എൽ.എ. കാസറഗോഡ് മുനിസിപ്പാലിറ്റിയിൽ വെച്ച് നിർവഹിച്ചു.
- ❖ കാസർഗോഡ് ജില്ലാതലം ഉദ്ഘാടനമായി തീരുമാനിച്ചിരുന്ന മംഗൽപ്പാടി എഫ് എസ് ടി പി തറക്കല്ലിടൽ നവംബർ 7 ന് നടന്നു.
- ❖ കാസർഗോഡ് ജില്ലയിൽ ഹരിത വിദ്യാലയങ്ങളുടെ ജില്ലാതല പ്രഖ്യാപനം എം എൽ എ സി എച്ച് കുഞ്ഞമ്പു ഉദുമ ഗ്രാമപഞ്ചായത്തിലെ പാലക്കുന്ന് ടൗണിൽ വെച്ച് നിർവഹിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ ബെള്ളൂർ ഗ്രാമപഞ്ചായത്തിലെ നാട്ടക്കൽ ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം, മുളിയാർ ഗ്രാമപഞ്ചായത്തിലെ GVHSS ഇരിയണി സ്കുളിൽ തുമ്പൂർമുഴി ജൈവമാലിന്യ സംസ്കരണ യൂണിറ്റ് ഉദ്ഘാടനവും പുതുതായി നിർമ്മിച്ച ടോയലിറ്റിന്റെ ഉദ്ഘാടനവും, ബേഡഡുക്ക പൊലിയംതുരുത്ത് ഇക്കോടൂറിസം വില്ലേജ്, പ്രവർത്തനം ആരംഭിക്കുന്ന FSTP കം സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉദ്ഘാടനം, കാറഡുക്ക ഗ്രാമപഞ്ചായത്തിലെ മുള്ളേരിയയിലെ പുതിയ എംസിഎഫ് കെട്ടിടം ഉദ്ഘാടനം എന്നിവയാണ് ജില്ലയിൽ നവംബർ മാസത്തിൽ നടന്ന മറ്റ്

പ്രവർത്തനങ്ങൾ.

### 10.1 ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം

നവംബർ മാസത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ടൗൺ വീതം മാലിന്യമുക്തമാക്കി സൗന്ദര്യവത്കരണ പ്രവർത്തനങ്ങൾ നടത്തി നാടിന് സമർപ്പിക്കണം എന്ന് ലക്ഷ്യം വച്ചിട്ടുണ്ട്. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ഒരു പൊതുസ്ഥലം, മാർക്കറ്റ് എന്നിവ ശുചീകരിച്ച് ശുചിത്വ കേന്ദ്രമായി പ്രഖ്യാപിക്കും എന്നും ലക്ഷ്യം വച്ചിട്ടുണ്ട്. ആകർഷകമായ രീതിയിൽ ചെടികൾ സ്ഥാപിച്ച് സൗന്ദര്യവത്കരണം നടത്തുകയും ശുചിത്വമുള്ളതായി നിലനിർത്തുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ മുഴുവൻ ടൗണുകളിലും നടന്നുവരുന്നു. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഉൾപ്പെട്ട ചെറുതും വലുതുമായ 2279 ടൗണുകളെ/കവലകളെ/പ്രദേശങ്ങളെ ശുചീകരിച്ച്, സൗന്ദര്യവൽക്കരിച്ച് ഹരിത ടൗണുകൾ ആയി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ 1709 പൊതു സ്ഥലങ്ങളും/പൊതു മാർക്കറ്റും ശുചീകരണ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി ഹരിതകേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. തിരഞ്ഞെടുത്ത എല്ലാ ടൗണുകൾ / കവലകൾ / പൊതു സ്ഥലങ്ങൾ / മാർക്കറ്റുകൾ എന്നിവടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. നിലവിൽ 470 ടൗണുകളെയും 323 പൊതുസ്ഥലങ്ങളെയും ശുചിത്വ കേന്ദ്രങ്ങളായി നവംബർ മാസത്തിൽ പ്രഖ്യാപിച്ചു.

പ്രവർത്തനങ്ങൾ വിലയിരുത്തി പ്രഖ്യാപനം നടത്താൻ ആവശ്യമായ മാർഗ്ഗരേഖയും അസ്സെസ്സ്മെന്റ് ഫോമും ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.

| ജില്ല | ടൗൺ | | മാർക്കറ്റ് / പൊതുസ്ഥലം | |
|---|---|---|---|---|
| | എണ്ണം | പ്രഖ്യാപിച്ച ടൗണിന്റെ എണ്ണം | എണ്ണം | പ്രഖ്യാപനം നടത്തിയ മാർക്കറ്റിന്റെ/ പൊതുസ്ഥലത്തിന്റെ എണ്ണം |
| തിരുവനന്തപുരം | 44 | 15 | 149 | 19 |
| കൊല്ലം | 85 | 61 | 73 | 61 |
| പത്തനംതിട്ട | 65 | 23 | 61 | 23 |
| ആലപ്പുഴ | 78 | 15 | 78 | 17 |
| കോട്ടയം | 77 | 32 | 77 | 27 |
| ഇടുക്കി | 101 | 34 | 162 | 31 |
| എറണാകുളം | 193 | 0 | 150 | 0 |
| തൃശൂർ * | 568 | 82 | 272 | 80 |
| മലപ്പുറം * | 350 | 30 | 44 | 13 |
| പാലക്കാട് * | 130 | 66 | 106 | 0 |
| കോഴിക്കോട് | 109 | 21 | 48 | 4 |
| വയനാട് * | 26 | 0 | 26 | 26 |
| കണ്ണൂർ | 243 | 57 | 463 | 22 |
| കാസർഗോഡ് | 210 | 34 | 0 | 0 |
| TOTAL | 2279 | 470 | 1709 | 323 |

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയും ടൗണുകൾ മാലിന്യമുക്തമാക്കി ഭംഗിയുള്ളതാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥലത്തെ രാഷ്ട്രീയ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ഓട്ടോ ടാക്സി തൊഴിലാളികൾ, യുവ ജനങ്ങൾ ഗ്രന്ഥശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവരുടെ സേവനം ലഭിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രശംസനീയമാണ്.

- ❖ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ വലിയകട ജംഗ്ഷൻ മുതൽ

ആശുപത്രി ജംഗ്ഷൻ വരെ ശുചീകരണം നടത്തി.

- ❖ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ശാന്തുംമൂല ജംഗ്ഷനും ജംഗ്ഷനിലെ ബസ് സ്റ്റോപ്പും പൊതുകിണറിന്റെ പരിസരവും ശുചീകരണം നടത്തി ബ്യൂട്ടിഫിക്കേഷൻ നടത്തി മാലിന്യ മുക്ത ജംഗ്ഷനായി പഞ്ചായത്ത് പ്രസിഡന്റ് പ്രഖ്യാപിച്ചു. 53 പേർ പങ്കെടുത്തു.
- ❖ കൊല്ലം ജില്ലയിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രത്യേക യോഗങ്ങൾ ചേർന്ന് ഓരോ തദ്ദേശസ്ഥാപനങ്ങളിലും ഓരോ പ്രദേശം വലിച്ചെറിയൽ ഒഴിവാക്കിയും ശുചിത്വം ഉറപ്പാക്കിയും സൗന്ദര്യവൽക്കരണം നടത്തുന്നതിനായി തെരഞ്ഞെടുത്തു. കോർപ്പറേഷനിൽ മൂന്നു പ്രദേശങ്ങളാണ് തെരഞ്ഞെടുത്തത്. ഹരിത കേരളം മിഷൻ ആർപിമാർ ബാങ്കുകൾ മറ്റു സ്ഥാപനങ്ങൾ സന്ദർശിച്ച് സൗന്ദര്യവൽക്കരണത്തിനുള്ള CSR ഫണ്ട് ലഭ്യമാക്കുന്നതിനായി ശ്രമിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ വിവിധ ജനവിഭാഗങ്ങളുടെ സഹകരണത്തോടു കൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള പ്രധാനപ്പെട്ട ടൗണുകൾ / കവലകൾ ശുചീകരണവും സൗന്ദര്യവത്ക്കരണവും നടത്തി ഹരിത ടൗൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ പത്തനംതിട്ട ജില്ലയിൽ കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ, പുതുശേരി ടൗൺ (260 പേരുടെ സേവനം) മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിലെ കീഴുവായിപൂര് ടൗൺ (158 പേരുടെ സേവനം), കോട്ടാങ്ങൽ ഗ്രാമ പഞ്ചായത്തിലെ 8 km ജേക്കബ് റോഡിന്റെ സൗന്ദര്യ വൽക്കരണം (790 പേരുടെ സേവനം), കുന്നന്താനം ഗ്രാമപഞ്ചായത്തിലെ ആഞ്ഞിലിത്താനം ചന്ത സൗന്ദര്യ വൽക്കരണവും (320 പേരുടെ സേവനം), വള്ളിക്കോട് പഞ്ചായത്തിലെ കൈപ്പട്ടൂർ കടവ് ടൗൺ, പഞ്ചായത്തിലെ ഹരിത മാർക്കറ്റ്, വള്ളിക്കോട് മാർക്കറ്റ് എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ തടിയൂർ ജംഗ്ഷൻ, തുമ്പമൺ ഗ്രാമപഞ്ചായത്തിലെ തുമ്പമൺ ജംഗ്ഷൻ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ഏഴംകുളം ടൗൺ, റാന്നി ടൗൺ എന്നിവ പത്തനംതിട്ട ജില്ലയിലെ ഹരിത ടൗൺ ആയി പ്രഖാപിച്ച പ്രധാന ടൗണുകളാണ്. ഇതോടൊപ്പം അടൂർ എന്നീ ടൗണുകൾ ഹരിത ടൗൺ ആക്കുന്നതിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങളുടെ പ്രവർത്തനം പൂർത്തീകരിച്ചു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി "ക്ലീൻ റാന്നി ഗ്രീൻ റാന്നി" ആദ്യ ഘട്ട പ്രഖ്യാപനം നടത്തി.
- ❖ പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി ഗ്രാമപഞ്ചായത്ത്, മാർക്കറ്റ്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വ ദീപം തെളിയിച്ചു ശുചിത്വ പ്രതിജ്ഞ ചൊല്ലി.പങ്കാളിത്തം - 1000
- ❖ ആലപ്പുഴ ജില്ലയിൽ ഇത് വരെ 15 ടൗണുകളെ ഹരിത സുന്ദര ടൗണുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. 2025 ജനുവരി 26 ടാർഗറ്റ് (100%) പൂർത്തിയാക്കുന്നതിനു ഇനി ബാക്കിയുള്ളത് 65 (81%) ടൗണുകളാണ്. ഇതുവരെ 17(22%) മാർക്കറ്റുകൾ/പൊതുസ്ഥലങ്ങൾ മാലിന്യമുക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ എറോബിക് കമ്പോസ്റ്റ് ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പ്രവർത്തന നിയന്ത്രണം മണ്ണഞ്ചേരി ഗ്രാമപഞ്ചയത്തിലെ ഹരിതകർസേനക്ക് ഏൽപ്പിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ അരൂർ ഗ്രാമ പഞ്ചായത്തിലെ മാനവിയം പാർക്കിനെ അരൂർ ഗ്രാമപഞ്ചായത്ത് ഹരിത പാർക്ക് ആയി പ്രഖ്യാപിച്ചു.
- ❖ ആലപ്പുഴ ജില്ലയിൽ ശ്രീനാരായണ പുരം PHC വീഥിയെ ഹരിത വീഥിയായി എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രഖ്യാപിച്ചു.
- ❖ കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിൽ “എന്റെ കങ്ങഴ വൃത്തിയുള്ള കങ്ങഴ" ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നവംബർ 1 ന് കേരളപിറവി ദിനത്തിൽ പത്തനാട് ജംഗ്ഷനിൽ ആയിരത്തിൽപരം ബഹുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ശുചിത്വ ശൃംഖലയും, ഹരിത സംഗമവും ഗവ: ചീഫ് വിപ്പ് ഉത്ഘാടനം ചെയ്തു.
- ❖ ഇടുക്കി ജില്ലയിൽ മാലിന്യ സംസ്കരണ സന്ദേശങ്ങൾ ഉയർത്തിക്കാട്ടി കമ്പിളികണ്ടം മിനി സ്റ്റേഡിയത്തിൽ നിന്നും കമ്പിളികണ്ടം ടൗൺ വരെ ശുചിത്വ സന്ദേശ റാലിയും നടന്നു. റാലിയിലും

ഉദ്ഘാടന പരിപാടിയിലുമായി 3285 പേർ പങ്കെടുത്തു. കമ്പിളികണ്ടം ടൗൺ സമ്പൂർണ്ണ ഹരിത ടൗൺ ആയി മന്ത്രി പ്രഖ്യാപിച്ചു.

- ഇടുക്കി ജില്ലയിൽ കൊന്നത്തടി പഞ്ചായത്തിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൂന്താളിയിൽ പഞ്ചായത്ത് വക സ്ഥലത്തു നിർമ്മിക്കുന്ന മെറ്റീരിയൽ കളക്ഷൻ സെന്ററിന്റെ ശിലാസ്ഥാപനവും മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളായ കമ്പിളികണ്ടം, കല്ലാർകുട്ടി എന്നിവിടങ്ങളിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ പൊതുജനങ്ങൾക്കായി തുറന്നു നൽകി.
- എറണാകുളം ജില്ലാതല ഉദ്ഘാടനം കൂത്താട്ടുകുളം മുൻസിപ്പാലിറ്റിയിൽ മെർച്ചന്റ്സ് അസോസിയേഷൻ, നഗരസഭ, ഹരിതകേരള മിഷൻ കൂട്ടായ്മ ഒത്ത് ചേർന്നപ്പോൾ സെൻട്രൽ ജംഗ്ഷൻ ഹരിതാഭമായി. ശുചിത്വ പാതയുടെ ജില്ലാതല ഉദ്ഘാടനം കൂത്താട്ടുകുളം നഗരസഭ ചെയർപേഴ്സൺ നിർവ്വഹിച്ചു. മനോഹരമായ ചെടികൾ നട്ടുപിടിപ്പിച്ചും, പൂച്ചട്ടികൾ സ്ഥാപിച്ചും ജംഗ്ഷൻ മനോഹരമാക്കിയിട്ടുണ്ട്. ആവശ്യമായ ചെടി ചട്ടികൾ സ്പോൺസർ ചെയ്തത് ശ്രീധരിയം ആയുർവേദ ആശുപത്രിയും മേരിഗിരി പബ്ലിക് സ്കൂളും ചേർന്നാണ്. ജില്ലയുടെ ആകെ ജനപങ്കാളിത്തം 7648.
- എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിൽ ശുചിത്വ സന്ദേശ പദയാത്ര നടത്തി.
- തൃശ്ശൂർ ജില്ലയിൽ കേരളപ്പിറവി ദിനത്തിൽ ഗുരുവായൂർ ക്ഷേത്രം ഹരിത ടൂറിസം പ്രഖ്യാപനും ശുചിത്വ സുന്ദര ടൗൺ പ്രഖ്യാപനവും നടത്തി. ഗുരുവായൂർ അമ്പലത്തിനോട് ചേർന്നുള്ള മഞ്ജുളാൽ പരിസരം ശുചിത്വ സൗന്ദര്യ ടൗൺ ആക്കുന്നതിന്റെ ഭാഗമായി അമ്പലനടയിൽ നിന്നും മഞ്ജുളാൽ പരിസരം വരെയുള്ള ഭാഗം വൃത്തിയാക്കി സൗന്ദര്യവൽക്കരണം നടത്തി ചുമർ ചിത്രങ്ങൾ ആലേഖനം ചെയ്തു. വിവിധ വിഭാഗങ്ങളിൽ നിന്നായി 325 ഓളം ആളുകൾ ചടങ്ങിൽ പങ്കെടുത്തു.
- പാലക്കാട് ജില്ലയിൽ 11 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി ഹരിത ടൂറിസം, ഹരിത ടൗൺ പ്രഖ്യാപനത്തിനു മുന്നോടിയായി ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു. 350 പേരോളം ശുചീകരണ പരിപാടിയിൽ പങ്കെടുത്തു.
- കോഴിക്കോട് ജില്ലയിൽ വള്ളിക്കാട്, കുറ്റ്യാടി, കുണ്ടുതോട്, കൈവേലി, മരുതോങ്കര, ഇരിങ്ങണ്ണൂർ, തൂണേരി, വയലിൽ പീടിക, പുറമേരി, ഒറ്റിക്കാട്, ചേലക്കാട്, കരിയാത്തൻകാവ്, കോട്ടക്കൽ, വേളൂർ ഈസ്റ്റ്, പറമ്പത്ത്, മഞ്ഞക്കുളം, കൂത്താളി, കീഴരിയൂർ, മുക്കടത്തുംവയൽ ടൗണുകൾ ഹരിത സുന്ദര ടൗണുകളായി പ്രഖ്യാപിച്ചു.
- ജില്ലയിൽ ഓർക്കാട്ടേരി ജീപ് സ്റ്റാൻഡ്, കീഴരിയൂർ, നൊച്ചാട് ആയുർവേദ ആശുപത്രി, ചെറുവണ്ണൂർ കാരയിൽ നട എന്നീ പൊതുസ്ഥലങ്ങൾ ശുചിയായി പ്രഖ്യാപിച്ചു.
- വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, മീനങ്ങാടി, കാര്യമ്പാടി തുടങ്ങിയ ടൗണുകൾ മാതൃക ടൗണുകളായി.
- കണ്ണൂർ ജില്ലയിൽ കേരള പിറവി ദിനത്തിൽ 85 ടൗണുകളാണ് ഹരിത ടൗണുകളായി മാറാനുള്ള ശ്രമങ്ങൾക്ക് തുടക്കമിട്ടത്.
- കണ്ണൂർ ജില്ലയിലെ കൊളപ്പ ടൗണിനെ ഹരിത ശുചിത്വ സുന്ദര ടൗൺ ആക്കി മാറ്റുന്നതിന് കൂടാളി പഞ്ചായത്തിന്റെയും വ്യാപാരി വ്യവസായികളുടെയും നാട്ടുകാരുടെയും കൂട്ടായ സഹകരണമാണ് ഉണ്ടായത്. നേരത്തെ ടൗണിൽ ഉണ്ടായിരുന്ന മാലിന്യ നിക്ഷേപങ്ങൾ ജനകീയമായി നീക്കം ചെയ്തിരുന്നു. ഹരിത കർമ്മ സേനക്ക് ടൗണിലെ മുഴുവൻ കടകളിൽ നിന്നും പ്രതിമാസം യൂസർ ഫീ ലഭിക്കുന്നു. എല്ലാ വ്യാപാര സ്ഥാപനങ്ങളുടെ മുന്നിലും ചെടിച്ചട്ടികൾ സ്ഥാപിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. മാലിന്യ സംസ്കരണ മേഖലയിലെ ജനകീയമായ മുന്നേറ്റങ്ങൾക്ക് ഉദാഹരണമാണ് കൂടാളിയിലെ കൊളപ്പ ടൗൺ.
- കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിലെ മണ്ടൂർ ടൗണിനെ, പന്ന്യന്നൂർ - താഴെ ചമ്പാട് - ചെമ്പിലോട് കോയ്യോട്, മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിലെ കാക്കയങ്ങാട് ടൗൺ എന്നീ ടൗണുകളെ മാതൃകാ ഹരിത ടൗണുകളായി പ്രഖ്യാപനം നടത്തി. കൂത്ത്പറമ്പ് നഗരസഭയിലെ തൊക്കിലങ്ങാടി ടൗണിനെ ഹരിത ടൗൺ പ്രഖ്യാപനം കുത്തുപറമ്പ് മുൻസിപ്പൽ ചെയർമാൻ നിർവഹിച്ചു. പിണറായി

പാറപ്രം ടൗൺ ഹരിത ടൗണായി ഹരിത കേരളം മിഷൻ ജില്ലാ കോഡിനേറ്റർ പ്രഖ്യാപിച്ചു. നാറാത്ത് ഗ്രാമപഞ്ചായത്ത് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിൻ വിളംബര ഘോഷയാത്ര കെ വി സുമേഷ് എംഎൽഎ ഉദ്ഘാടനം ചെയ്തു 520 പേർ ഘോഷയാത്രയിൽ അണിനിരന്നു. വാരം കടവ് ടൗണിന്റെ ഹരിത ടൗൺ പ്രഖ്യാപനവും എംഎൽഎ നിർവഹിച്ചു.

❖ കാസർഗോഡ് ജില്ലയിൽ ജില്ലാ തല ഉദ്ഘാടനം ഹരിതസുന്ദര ടൗണുകളുടെ പ്രഖ്യാപനം കാസറഗോഡ് ജനകീയമായി മാലിന്യ മുക്തമാക്കി സൗന്ദര്യവല്ക്കരിച്ചുകൊണ്ട് കയ്യൂർ ടൌണിൽ വെച്ച് തൃക്കരിപ്പൂർ എം. എൽ. എ, എം രാജഗോപാലൻ നിർവ്വഹിച്ചു.

| ഹരിത സുന്ദര ടൗൺ മാർക്കറ്റ് / പൊതുസ്ഥലം - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 272 | 662 | 1064 | 1875 | 3601 | 0 | 0 | 0 | 0 | 1846 | 9517 |

## 10.2 ഹരിത അയൽക്കൂട്ടങ്ങൾ

നവംബർ മാസത്തിൽ 10 ശതമാനം (30000 അയൽക്കൂട്ടങ്ങൾ) ഹരിത അയൽക്കൂട്ടങ്ങളായി മാറ്റണം എന്ന് ലക്ഷ്യം വച്ചിട്ടുണ്ട്.

| ജില്ല | അയൽക്കൂട്ടങ്ങൾ | | |
|---|---|---|---|
| | ആകെ അയൽക്കൂട്ടങ്ങൾ | ഹരിത പദവി കരസ്ഥമാക്കിയ അയൽക്കൂട്ടങ്ങൾ | ശതമാനം |
| തിരുവനന്തപുരം | 30687 | 13402 | 43.67% |
| കൊല്ലം | 27115 | 8,984 | 33.13% |
| പത്തനംതിട്ട | 10317 | 3,061 | 29.67% |
| ആലപ്പുഴ | 22666 | 7364 | 32.49% |
| കോട്ടയം | 15664 | 3945 | 25.19% |
| ഇടുക്കി | 12133 | 1191 | 9.82% |
| എറണാകുളം | 25485 | 5760 | 22.60% |
| തൃശൂർ | 25938 | 9090 | 35.05% |
| മലപ്പുറം | 30368 | 16593 | 54.64% |
| പാലക്കാട് | 34160 | 3178 | 9.30% |
| കോഴിക്കോട് | 29722 | 14276 | 48.03% |
| വയനാട് | 9838 | 3874 | 39.38% |
| കണ്ണൂർ | 20005 | 12235 | 61.16% |
| കാസർഗോഡ് | 12175 | 8458 | 69.47% |
| TOTAL | 306273* | 111411 | 36.38% |

*ആദ്യം ലഭ്യമായ കണക്കുകൾ പ്രകാരം 314596 അയൽക്കൂട്ടങ്ങൾ തിരഞ്ഞെടുത്തിരുന്നു.നിലവിൽ ജില്ലകളിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 306273 അയൽക്കൂട്ടങ്ങൾ ഹരിതമാക്കി മാറ്റുനതിനു തിരഞ്ഞെടുത്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്

| ഹരിത അയൽക്കൂട്ടങ്ങൾ - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 345 | 1096 | 1510 | 2956 | 5562 | 2 | 76 | 7 | 957 | 2138 | 4042 |

ഹരിത അയൽക്കൂട്ടത്തിൽ സംസ്ഥാനത്തെ 306273 കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ 111411 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഹരിത അയൽകൂട്ട പദവിക്ക് അർഹമായിട്ടുണ്ട്. നിലവിൽ 36.38%

അയൽക്കൂട്ടങ്ങൾ ഹരിത പദവി നേടിയിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗ്രേഡിങ് നടത്തിയാണ് ഹരിത അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുത്തത്. ശുചിത്വം മാത്രം മാനദണ്ഡമാക്കിയുള്ള വിലയിരുത്തലാണ് കുടുംബശ്രീ ഇതിനായി നടത്തിയത്.

### 10.3 ഹരിത സ്ഥാപനങ്ങൾ

നവംബർ മാസത്തിൽ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപന പ്രദേശങ്ങളിലേയ്ക്കും 50% സ്ഥാപനങ്ങൾ, സ്കൂൾ/കോളേജുകളെ ഹരിതസ്ഥാപനം, വിദ്യാലയം/കലാലയം പദവിയിലെത്തിക്കണം എന്ന് ലക്ഷ്യം വച്ചിട്ടുണ്ട്.

| ജില്ല | ഹരിത വിദ്യാലയങ്ങൾ | | | ഹരിത കലാലയങ്ങൾ | | |
|---|---|---|---|---|---|---|
| | ആകെ വിദ്യാലയങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതവിദ്യാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ | ആകെ കലാലയങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിത കലാലയങ്ങളുടെ എണ്ണം | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 1202 | 563 | 47% | 144 | 35 | 24% |
| കൊല്ലം | 1239 | 725 | 59% | 84 | 51 | 61% |
| പത്തനംതിട്ട | 773 | 536 | 69% | 50 | 8 | 16% |
| ആലപ്പുഴ | 760 | 199 | 26% | 22 | 7 | 32% |
| കോട്ടയം | 1111 | 569 | 51% | 154 | 37 | 24% |
| ഇടുക്കി | 559 | 181 | 32% | 69 | 23 | 33% |
| എറണാകുളം | 975 | 246 | 25% | 112 | 25 | 22% |
| തൃശൂർ | 1191 | 998 | 84% | 100 | 60 | 60% |
| പാലക്കാട് | 1004 | 523 | 52% | 54 | 48 | 89% |
| മലപ്പുറം | 1491 | 552 | 37% | 151 | 37 | 25% |
| കോഴിക്കോട് | 1565 | 661 | 42% | 206 | 25 | 12% |
| വയനാട് | 329 | 210 | 64% | 43 | 23 | 53% |
| കണ്ണൂർ | 1629 | 994 | 61% | 91 | 38 | 42% |
| കാസർകോട് | 569 | 340 | 60% | 65 | 23 | 35% |
| ആകെ | 14397 | 7297 | 51% | 1345 | 440 | 33% |

| ജില്ല | ഹരിതസ്ഥാപനങ്ങൾ | | |
|---|---|---|---|
| | ആകെ സ്ഥാപനങ്ങളുടെ എണ്ണം | പ്രഖ്യാപനം നടത്തിയ ഹരിതസ്ഥാപനങ്ങളുടെ എണ്ണം | ശതമാന കണക്കിൽ |
| തിരുവനന്തപുരം | 4213 | 1314 | 31% |
| കൊല്ലം | 4503 | 1,876 | 42% |
| പത്തനംതിട്ട | 2450 | 850 | 35% |
| ആലപ്പുഴ | 1024 | 844 | 82% |
| കോട്ടയം | 4907 | 2317 | 47% |
| ഇടുക്കി | 4149 | 528 | 13% |
| എറണാകുളം | 4499 | 988 | 22% |
| തൃശൂർ | 6371 | 3568 | 56% |
| പാലക്കാട് | 1701 | 850 | 50% |
| മലപ്പുറം | 5124 | 926 | 18% |
| കോഴിക്കോട് | 5709 | 1412 | 25% |
| വയനാട് | 928 | 518 | 56% |
| കണ്ണൂർ | 4659 | 1438 | 31% |
| കാസർഗോഡ് | 2251 | 669 | 30% |
| TOTAL | 52488 | 18098 | 34% |

ഹരിതകേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട്

കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന തിരഞ്ഞെടുത്ത ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് ആകെയുള്ള 14397 സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ വിലയിരുത്തൽ നടത്തിയതിൽ 7297 വിദ്യാലയങ്ങൾ ഹരിത വിദ്യാലയം എന്ന പദവി നേടി. നിലവിൽ 51% വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങളായിട്ടുണ്ട്. സംസ്ഥാനത്തെ 1345 കോളേജുകളിൽ വിലയിരുത്തൽ നടത്തി 440 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 33% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ ഓഫീസ് കോംപ്ലക്സുകൾ, പൊതുഭരണ സ്ഥാപനങ്ങൾ ബാങ്കുകൾ എന്നിവ ഉൾപ്പെടുന്ന 52488 സ്ഥാപനങ്ങളിൽ നിന്നും 18098 സ്ഥാപനങ്ങളെ വിലയിരുത്തി ഹരിത സ്ഥാപന പദവിക്ക് യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 34% സ്ഥാപനങ്ങളെ ഹരിത സ്ഥാപനങ്ങളാക്കിയിട്ടുണ്ട്.

- ❖ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഉൾപ്പെട്ട പരിശോധന കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളെ വിലയിരുത്തിയിട്ടുണ്ട്.
- ❖ വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി എ പ്ലസ്, എ ഗ്രേഡ്, ബി ഗ്രേഡ്, നോ ഗ്രേഡ് എന്നിങ്ങനെയാണ് ഗ്രേഡിംഗ് നൽകിയത്.
- ❖ ഹരിത പെരുമാറ്റച്ചട്ടം ഉറപ്പാക്കൽ, ഖര-ദ്രവ മാലിന്യ സംസ്കരണം, ശുചിത്വം, ഇ-മാലിന്യം ഒഴിവാക്കൽ, തുടങ്ങിയ പതിനെട്ട് കാര്യങ്ങൾ പരിശോധിച്ച് ഓരോന്നിനും പരമാവധി അഞ്ച്മാർക്ക് വീതം 100 മാർക്ക് നൽകും. ഇതിനുപുറമേ ജലസംരക്ഷണം, ഊർജസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണം ഉൾപ്പെടെയുള്ളവയ്ക്ക് 20 മാർക്കും ലഭിക്കും. ആകെ 120 മാർക്ക്.
- ❖ പരിശോധനയിൽ 80 മാർക്കിനു മുകളിലുള്ള സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവിയും സർട്ടിഫിക്കറ്റും ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.
- ❖ 80 മാർക്കിന് താഴെ ഉള്ള സ്ഥാപനങ്ങൾക്ക് ഹരിത കേരളം മിഷൻ പ്രത്യേക ഇടപെടലുകൾ നടത്തി, 15 ദിവസത്തെ കാലാവധി നിശ്ചയിച്ച്, പുനഃപരിശോധന നടത്തി യോഗ്യത നേടുന്ന പക്ഷം ഹരിതസ്ഥാപനം പദവി, ഗ്രേഡ്, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ്.
- ❖ തിരുവനന്തപുരം ജില്ലയിൽ ഹരിത വിദ്യാലയ പ്രഖ്യാപന ചടങ്ങ് വെള്ളറട ഗവ യു പി എസിൽ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയിൽ പാറശാല എം.എൽ.എ. സി കെ ഹരീന്ദ്രൻ നിർവ്വഹിച്ചു. വിവിധ പദ്ധതി പ്രവർത്തനങ്ങളായ ടേക്ക് എ ബ്രേക്ക്, ബോട്ടിൽ ബൂത്ത്, ഹരിത കർമ്മ സേന ഇലക്ട്രിക് വാഹനം എന്നിവയുടെ ഉത്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നടത്തി.
- ❖ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിൽ സമ്പൂർണ ഹരിത സ്ഥാപന പ്രഖ്യാപനം ഗ്രാമപഞ്ചായത് പ്രസിഡന്റ്. നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്തിലെ 23 അങ്കണവാടികൾ, സർക്കാർ, അർത്ഥ സർക്കാർ സ്ഥാപനങ്ങൾ ഉൾപ്പെടെ 44 സ്ഥാപനങ്ങൾ എന്നിവയെ ഹരിത സ്ഥാപനങ്ങളായി പ്രഖ്യാപനം നടത്തി.
- ❖ തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങൽ നഗരസഭയിലെ സർക്കാർ പോളിടെക്നിക്, പൂവാർ ഗ്രാമപഞ്ചായത്തിലെ ലയോള കോളേജ്, സരസ്വതി നഴ്സിംഗ് കോളേജ്, വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ ക്രൈസ്റ്റ് കോളേജ് എന്നിവയെ ഹരിത കലാലയമായി പ്രഖ്യാപനം നടത്തി.
- ❖ പത്തനംതിട്ട ജില്ലയിൽ തുരുത്തിക്കാട് BAM കോളേജ്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്തിലെ തുരുത്തിക്കാട് BAM കോളേജ് എന്നിവയെ ഹരിത ക്യാമ്പസ് ആയി ഗവൺമെന്റ് ചീഫ് വിപ് ഡോ. എൻ ജയരാജ് MLA പ്രഖ്യാപിച്ചു.
- ❖ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ 80 സ്കൂളുകളെ ഹരിത വിദ്യാലയം ആയി മാറ്റിയതിനോട് അനുബന്ധിച്ചു സമ്പൂർണ ഹരിത വിദ്യാലയ പ്രഖ്യാപനം കൊറ്റനാട് SCVHSS ൽ നടന്ന ചടങ്ങ് റാന്നി MLA നിർവ്വഹിച്ചു. പങ്കാളിത്തം -250.

- ❖ പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്കിലെ എല്ലാ സ്കൂളുകളെയും ഹരിത വിദ്യാലയമായി നവംബർ 1-ന് പ്രഖ്യാപനം നടത്തി. ജില്ലയിൽ 24 പഞ്ചായത്തുകളിൽ സമ്പൂർണ്ണ ഹരിത വിദ്യാലയമായി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. 56 തദ്ദേശ സ്ഥാപനങ്ങളിലും കുട്ടികളുടെ ഹരിത സഭ സംഘടിപ്പിച്ചു. 666 സ്കൂളുകളിലായി (238 ഗവൺമെന്റ് സ്കൂളുകൾ, 389 എയ്ഡഡ് സ്കൂളുകൾ, 61 അൺ എയ്ഡഡ് സ്കൂളുകൾ, 3 കേന്ദ്രീയ വിദ്യാലയങ്ങൾ) നടത്തിയ ഹരിത സഭയിൽ 7010 കുട്ടികൾ പങ്കെടുത്തു.
- ❖ ആലപ്പുഴ ജില്ലയിൽ ഡിസംബർ 31 നകം ജില്ലയിലെ മുഴുവൻ സ്കൂളുകളും ഹരിത വിദ്യാലയമായി പ്രഖ്യാപിക്കാനാകും (100%).
- ❖ എറണാകുളം ജില്ലയിൽ വൈപ്പിൻ ബ്ലോക്കിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിൽ എല്ലാ അങ്കണവാടികളും ഹരിത അങ്കണവാടികളായി.
- ❖ എറണാകുളം ജില്ലയിൽ 25 കലാലയങ്ങളെ ഹരിത കലാലയങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൊച്ചി കോർപറേഷനിലെ സെന്റ് ആൽബർട്ട്സ് കോളേജ് ഹരിത കലാലയ പ്രഖ്യാപനം ഭക്ഷ്യ സിവിൽ സപ്ലൈസ്, ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രി ജി. ആർ അനിൽ നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ മുളന്തുരുത്തി ബ്ലോക്കിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ ശാശ്വതികാനന്ദ കോളേജ്, പൂതോട്ടയെ ഹരിത ക്യാമ്പസ് ആയി പ്രഖ്യാപിച്ചു. ഉത്ഘാടനം : പ്രശസ്ത സിനിമ താരം സാജു നവോദയ (പാഷാണം ഷാജി).
- ❖ തൃശ്ശൂർ ജില്ലയിൽ ഹരിത കലാലയമായ ഗുരുവായൂർ നഗരസഭയിലെ ലിറ്റിൽ ഫ്ലവർ കോളേജിന് സർട്ടിഫിക്കറ്റ് നൽകി.
- ❖ പാലക്കാട് ജില്ലയിൽ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി കോളേജും കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്രീനാരായണ കോളേജും ഹരിതകലാലയമായി പ്രഖ്യാപനം നടത്തി. പരിപാടിയിൽ 288 പേർ പങ്കെടുത്തു.
- ❖ മലപ്പുറം ജില്ലയിൽ കേരളത്തിന്റെ സമഗ്രവികസനത്തിനായുള്ള നവകേരളം കർമ്മപദ്ധതി രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ അക്കാദമിക സമൂഹത്തിന് പരിചയപ്പെടുത്തിക്കൊടുക്കാനും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്താനുമായി മലപ്പുറം ജില്ലാ മിഷൻ രൂപം നൽകുന്ന “നവകേരളത്തിനായി ക്യാമ്പസുകൾ” എന്ന കാമ്പയിൻ പദ്ധതി ജില്ലയിൽ നടന്നു വരുന്നു. നാളിതുവരെ 14 ക്യാമ്പസുകൾ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. 8 ക്യാമ്പസുകളിൽ പച്ചത്തുരുത്ത് സ്ഥാപിച്ചു. ഒരു ക്യാമ്പസിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു. 5 ക്യാമ്പസുകൾകൂടി താത്പര്യം അറിയിച്ചിട്ടുണ്ട്. ക്യാമ്പസുകളിലെ സന്നദ്ധ കൂട്ടായ്മകൾ, പരിസ്ഥിതി മേഖലയിലെ പൂർവ്വ വിദ്യാർഥി സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ 10 മാസ് ക്ലീനിംഗ് ഡ്രൈവുകൾ സംഘടിപ്പിച്ചു. ശുചീകരണവുമായി ബന്ധപ്പെട്ട 5 ക്യാമ്പസുകളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക ക്യാമ്പയിൻ സംഘടിപ്പിച്ചു.

| ഹരിത വിദ്യാലയങ്ങൾ/ കലാലയങ്ങൾ/ ഹരിതസ്ഥാപനങ്ങൾ- നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 1498 | 1494 | 4862 | 4086 | 10442 | 2 | 162 | 20 | 882 | 7709 | 16282 |

- ❖ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയിൽ ഹരിത സ്ഥാപന, വിദ്യാലയ പ്രഖ്യാപനം കാനത്തിൽ ജമീല എം.എൽ.എ നിർവ്വഹിച്ചു. ജില്ലയിൽ വടകര ബ്ലോക്കിലെ 4 പഞ്ചായത്തുകൾ, വടകര നഗരസഭ, ചക്കിട്ടപ്പാറ, ഓമശ്ശേരി പഞ്ചായത്തുകളിലെ 100% വിദ്യാലയങ്ങൾ ഹരിതവിദ്യാലയങ്ങളായി.
- ❖ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി സിവിൽ സ്റ്റേഷൻ, തഹസിൽദാറുടെ പ്രത്യേക ഇടപെടലിൽ നവംബർ 14 ന് ഹരിത സിവിൽ സ്റ്റേഷനായി പ്രഖ്യാപിച്ചു.

❖ കണ്ണൂർ ജില്ലയിൽ പേരാവൂർ പഞ്ചായത്ത് തല "ഹരിത കലാലയം" പ്രഖ്യാപനം മലബാർ ട്രെയിനിങ് കോളേജിൽ നടന്നു. ചാമക്കാൽ എസ്.എൻ.യു.പി. സ്കൂളിനെ ഹരിതവിദ്യാലയമായി പയ്യാവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പ്രഖ്യാപിച്ചു. കോളയാട് ഗ്രാമപഞ്ചയത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റ ഭാഗമായി പുത്തലം UP സ്കൂളിൽ നാടൻ പാട്ട് അരങ്ങ് സംഘടിപ്പിച്ചു.

❖ കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് മിനി സിവിൽ സ്റ്റേഷനിലെ 20 സ്ഥാപനങ്ങൾ ഹരിത സ്ഥാപനങ്ങളായി മാറിയതിന്റെ ഉദ്ഘാടനം തളിപ്പറമ്പ് നഗരസഭാ ചെയർപേഴ്സൺ മുർഷിദാ കോങ്ങായി നിർവ്വഹിച്ചു.

### 10.4 ഹരിത ടൂറിസം

| ജില്ല | ഹരിത ടൂറിസം കേന്ദ്രങ്ങൾ | | |
|---|---|---|---|
| | ടാർഗറ്റ് | എണ്ണം | പ്രഖ്യാപിച്ച കേന്ദ്രങ്ങളുടെ പേര് |
| തിരുവനന്തപുരം | 45 | 5 | പൊന്നുംതുരുത്ത്, അഞ്ചുതെങ്ങ് ഫോർട്ട്, കായിക്കര ആശാൻ സ്മാരകം, ചെമ്പകത്തറ, ലൈറ്റ് ഹൗസ് |
| കൊല്ലം | 30 | 6 | മീൻപിടിപ്പാറ, തെന്മല ഇക്കോ ടൂറിസം, പാലരുവി, കുടുക്കത്ത് പാറ, മലമേൽ ടൂറിസം, ജഡായു എർത്ത് സെന്റർ |
| പത്തനംതിട്ട | 7 | 1 | അടവി ഇക്കോ ടൂറിസം |
| ആലപ്പുഴ | 20 | 1 | വയ്യാങ്കരച്ചിറ |
| കോട്ടയം | 33 | 2 | മംഗോ മെഡോസ്, നാലുമണിക്കാറ്റ് |
| ഇടുക്കി | 40 | 3 | ഹിൽ വ്യൂ പാർക്ക്, കാൽവരി മൗണ്ട്, ഇടുക്കി പാർക്ക് |
| എറണാകുളം | 31 | 1 | പാണിയെലി പോര് |
| തൃശൂർ | 49 | 5 | ഏനാമാവ് നെഹ്റു പാർക്ക്, പാറന്നൂർ ചിറ, ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രം, പീച്ചി ഡാം, മുനയ്ക്കൽ അഴീക്കോട് ഡോൾഫിൻ ബീച്ച് |
| പാലക്കാട് | 36 | 5 | മംഗലം ഡാം,വാടിക, കാഞ്ഞിരപ്പുഴ, വെള്ളിയാങ്കല്ല്, പോത്തുണ്ടി ഡാം |
| മലപ്പുറം | 38 | - | - |
| കോഴിക്കോട് | 29 | 7 | ലോകനാർകാവ് ക്ഷേത്രം,കാപ്പാട് ബ്ലൂ ഫ്ലാഗ് ബീച്ച്, സാൻഡ് ബാങ്ക്സ് വടകര, ജാനകിക്കാട്, കുഞ്ഞാലി മരക്കാർ സ്മാരകം, ആക്റ്റിവ് പ്ലാനറ്റ്, സർഗാലയ ക്രാഫ്റ്റ് വില്ലേജ |
| വയനാട് | 18 | - | - |
| കണ്ണൂർ | 34 | 4 | ചാൽ ബീച്ച്, പായം - ഇരിട്ടി ഇക്കോ പാർക്ക്, വെള്ളിക്കീൽ ഇക്കോ പാർക്ക്, എരുവേശി - എഴരക്കുണ്ട് വെള്ളച്ചാട്ടം, |
| കാസർഗോഡ് | 14 | 4 | കോട്ടപ്പുറം ടെർമിനൽ, വലിയപറമ്പ ബീച്ച്, പൊലിയംതുരുത്ത് ഇക്കോ വില്ലേജ് ടൂറിസം, സാന്റൽ മിസ്റ്റ് റിസോർട്ട് ടൂറിസം കേന്ദ്രം |
| ആകെ | 424 | 45 | |

നവംബർ മാസത്തിൽ എല്ലാ ജില്ലകളിലും 10 ശതമാനം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹരിതടൂറിസം കേന്ദ്രങ്ങളാക്കണം എന്ന ലക്ഷ്യം നൽകിയിരുന്നു. ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 431 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നവംബർ മാസത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും ഉൾപ്പെട്ട 45 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

❖ ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.

- ❖ ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതിയ സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ❖ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- ❖ തിരുവനന്തപുരം ജില്ലയിൽ നിന്നും 5 ടൂറിസം കേന്ദ്രങ്ങൾ വിലയിരുത്തൽ നടത്തി ഹരിത ടൂറിസം പദവിക്ക് അർഹത നേടി. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ 5 കേന്ദ്രങ്ങളെ ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങളായി ജില്ല കളക്ടർ അനുകുമാരി ഐ.എ.എസ്. പൊന്നുംതുരുത്തിൽ വച്ച് കേരളപിറവി ദിനത്തിൽ പ്രഖ്യാപിച്ചു. ഇതിൽ അഞ്ചുതെങ്ങ് കോട്ട, അഞ്ചുതെങ്ങ് ലൈറ്റ് ഹൌസ്, കായിക്കര ആശാൻ സ്മാരകം, പൊന്നുംതുരുത്ത്, നെടുങ്ങണ്ട ചെമ്പകത്തറ എന്നീ ഹരിത വിനോദ സഞ്ചാര കേന്ദ്രമായി പ്രഖ്യാപിച്ചത്. ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി സംവിധാനങ്ങൾ സ്ഥാപിച്ച് ഹരിതകർമ്മസേനയുടെ സേവനം ഉറപ്പാക്കി മാലിന്യ സംസ്കരണം സാധ്യമാക്കി. ബോട്ടിൽ ബൂത്ത്, ടോയ്‌ലറ്റും കുടിവെള്ളവും ലഭ്യമാണ്.
- ❖ കൊല്ലം ജില്ലയിൽ അലയമൺ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പ് മന്ത്രി ശ്രീമതി.ജെ.ചിഞ്ചുറാണി, കുടുക്കത്ത് പാറ ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനം നടത്തി. എം.എൽ.എ മാരായ ഡോ. സുജിത്ത് വിജയൻപിള്ള, പി.എസ് സുപാൽ തുടങ്ങിയവരും ഉദ്ഘാടനം / പ്രഖ്യാപന പരിപാടികളിൽ പങ്കെടുത്തു.
- ❖ കൊല്ലം ജില്ലയിൽ ആകെയുള്ള 59 വിനോദസഞ്ചാര കേന്ദ്രങ്ങൾ/ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ 6 വിനോദസഞ്ചാര കേന്ദ്രങ്ങൾ ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. വനം വകുപ്പ് നടത്തുന്ന ആര്യങ്കാവ് ഗ്രാമപഞ്ചായത്തിലെ പാലരുവി, അലയമൺ ഗ്രാമപഞ്ചായത്തിലെ കുടുക്കത്ത് പാറ, DTPC നടത്തുന്ന ഇടമുളയ്ക്കൽ പഞ്ചായത്തിലെ മലമേൽ, കൊട്ടാരക്കര നഗരസഭയിലെ മീൻപിടിപ്പാറ, തെന്മല ഗ്രാമപഞ്ചായത്തിൽ ഇക്കോ ടൂറിസം പ്രമോഷൻ കൗൺസിൽ നടത്തുന്ന ഇക്കോ ടൂറിസം കേന്ദ്രം, സ്വകാര്യ വ്യക്തി നടത്തുന്ന ചടയമംഗലം ഗ്രാമപഞ്ചായത്തിലെ ജഡായു എർത്ത് സെന്റർ എന്നിവയാണ് ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചത്. ടൂറിസം കേന്ദ്രങ്ങളിൽ നിലവിലുള്ള ഗ്യാപ്പുകൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപനം/നടത്തിപ്പുകാർ മുഖേന പരിഹരിച്ചിരുന്നു. തെന്മല ഒഴികെ ബാക്കി എല്ലായിടത്തും ഹരിത കേരളം മിഷന്റെ സാക്ഷ്യപത്രവും വിതരണം ചെയ്തു.
- ❖ കൊല്ലം ജില്ലയിൽ കുമ്മിൾ ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി വെള്ളച്ചാട്ടം, കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം, തെന്മല ശെന്തുരുണി ഫോറസ്റ്റ് ടൂറിസം, തെന്മല ഡാം ടൂറിസം, ഇടമുളയ്ക്കൽ ചെമ്പകരാമനല്ലൂർ ചിറ, പുനലൂർ സസ്പെൻഷൻ ബ്രിഡ്ജ് എന്നീ കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ തണ്ണിത്തോട് ഗ്രാമപഞ്ചായത്തിലെ അടവി ഇക്കോ ടൂറിസം കേന്ദ്രം നവംബർ 1 ന് ഹരിത ടൂറിസ കേന്ദ്രമായി കോന്നി എം.എൽ.എ അഡ്വ കെ യു ജനീഷ്കുമാർ പ്രഖ്യാപിച്ചു. കോന്നി ആനക്കൂട് കേന്ദ്രവും പെരുന്തേനരുവിയും ഹരിത ടൂറിസം കേന്ദ്രമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. DTPC പത്തനംതിട്ട, ഹരിത കേരളം മിഷൻ, ശുചിത്വ കേരളം മിഷൻ എന്നിവ സംയുക്തമായി ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണത്തിന്റെ വിലയിരുത്തലിനായി പരിശോധന നടത്തി.
- ❖ ആലപ്പുഴ ജില്ലയിൽ മാവേലിക്കര താമരക്കുളം ഗ്രാമപഞ്ചായത്തിലെ ഗ്രീൻ ഫോറെസ്റ്റ് വയ്യാങ്കര ഹരിത ടൂറിസം പ്രഖ്യാപനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടന പ്രഖ്യാപനം നടത്തി. ഈ പ്രദേശത്ത് ജൈവ അജൈവ മാലിന്യങ്ങൾ കളക്റ്റ് ചെയ്യാൻ ബിന്നുകളും മാലിന്യങ്ങൾ വലിച്ചറിയാതിരിക്കാൻ പിഴ ഈടാക്കും എന്നുള്ള നിർദ്ദേശക ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. ഫുഡ് സ്റ്റാളുകൾ, റെസ്റ്റോറന്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ വിശ്രമമുറികൾ എന്നിങ്ങനെ ഉള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.
- ❖ ആലപ്പുഴ ജില്ലയിൽ ആലപ്പുഴ മുൻസിപ്പാലിറ്റിയിലെ അഞ്ച് കേന്ദ്രങ്ങൾ (ആലപ്പുഴ ബീച്ച്, പുന്നമട,

വിജയാ ബീച്ച് പാർക്ക്, സി വ്യൂ അഡ്വഞ്ചർ പാർക്ക്, ചില്ലാ ആർട്ട് കഫെ), വയ്യാങ്കരച്ചിറ-താമരക്കുളം, മാരാരി ബീച്ച്-മാരാരിക്കുളം വടക്ക്, കൂട്ടുംവാതുക്കൾ കടവ് പാലം-കായംകുളം മുൻസിപ്പാലിറ്റി എന്നിവിടങ്ങളിൽ അസ്സസ്സ്മെന്റ് നടന്നു. ബാക്കിയുള്ള ടൂറിസം കേന്ദ്രങ്ങളിൽ അസ്സസ്സ്മെന്റ് നടത്തിവരുന്നു.

- ❖ കോട്ടയം ജില്ലയിൽ കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ മാംഗോ മെഡോസ് അഗ്രിക്കൾച്ചർ തീം പാർക്കിനെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു. മണർകാട് ഗ്രാമപഞ്ചായത്തിലെ നാലുമണിക്കാറ്റ് നവംബർ 4-ന് ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചു.
- ❖ കോട്ടയം ജില്ലയിൽ കുമരകം പക്ഷിസങ്കേതം, മാർമല അരുവി, സെയിന്റ് അൽഫോൻസാ തീർത്ഥാടന കേന്ദ്രം, ജെ യെസ് ഫാം എന്നീ കേന്ദ്രങ്ങളിൽ പോകുകയും ഗ്രേഡിംഗ് നടത്തുകയും ചെയ്തു, ഡിസംബർ 31-ന് ഈ കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ജില്ലയിൽ നിലവിൽ 3 ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു - ഹിൽവ്യൂ പാർക്ക്, കാൽവരിമൌണ്ട്, ഇടുക്കി പാർക്ക്.
- ❖ ഇടുക്കി ജില്ലയിൽ പീരുമേട് ഗ്രാമ പഞ്ചായത്തിലെ പരുന്തുംപാറ ഹരിത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിത ചെക്ക്പോസ്റ് നിർമാണം പൂർത്തിയായി. ബാരിയർ നിർമ്മാണം നടന്നുവരുന്നു. കൂടാതെ പ്രദേശത്തെ മാലിന്യങ്ങൾ പൂർണമായി നീക്കം ചെയ്തു. Take a break പരിപാലനം നന്നായി നടക്കുന്നു. കൂടാതെ സന്ദേശ ബോർഡുകൾ ബിന്നുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കടകളിലും സ്ഥാപനങ്ങളിലും മാലിന്യ ശേഖരിക്കാൻ സംവിധനങ്ങൾ ഉണ്ട്. വാഹനങ്ങൾ പാർക്ക് ചെയ്യാൻ പാർക്കിംഗ് സംവിധാനം ഒരുക്കി ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്.
- ❖ ഇടുക്കി ജില്ലയിൽ ഹരിത ടൂറിസം കേന്ദ്രമായ അഞ്ചുരുളിയിൽ പഞ്ചായത്തിനു പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് KSEBയുടെയും ജില്ലാ കളക്ടറുടെയും അനുമതി ലഭിച്ച സാഹചര്യത്തിൽ അടിയന്തിരമായി ഏറ്റെടുക്കേണ്ട പദ്ധതികൾ തീരുമാനിച്ചു, ചെക്ക്പോസ്റ്റ്, ഗ്രീൻ കൗണ്ടർ, എന്നിവ പദ്ധതി ഭേതഗതിയിൽ ഉൾപെടുത്താനും പൊതുശുചിത്വം മേൽനോട്ടം വഹിക്കുന്നതിന് രണ്ട് ജീവനക്കാരെ (ഹരിത കർമ്മ സേനയോ, മറ്റുള്ളവരോ) നിശ്ചയിക്കാനും തീരുമാനിച്ചു.
- ❖ എറണാകുളം ജില്ലയിൽ കൂവപ്പടി ബ്ലോക്കിലെ വേങ്ങൂർ പഞ്ചായത്തിൽ പണിയേലി പോര് ഹരിത ടൂറിസം കേന്ദ്രമായി എ കെ ശശീന്ദ്രൻ, (വനം വന്യ ജീവി വകുപ്പ് മന്ത്രി) ഉദ്ഘാടനം നിർവഹിച്ചു. എറണാകുളം ജില്ലയിലെ ആദ്യ ഹരിത ടൂറിസം കേന്ദ്രമാണ് പാണിയേലി പോര്.
- ❖ എറണാകുളം ജില്ലയിൽ കൂവപ്പടി ഗ്രാമപഞ്ചായത്തിലെ ടൂറിസ്റ്റ് കേദ്രമായ കപ്രിക്കാട് അഭയാരണ്യം ഹരിത ടൂറിസം ആക്കുന്നനിന്റെ ഭാഗമായി കഴിക്കാട് ഫോറസ്റ്റ് ഓഫീസിൽ പഞ്ചായത്ത് പ്രസിഡന്റ്, റേഞ്ചർ ഓഫീസർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു.
- ❖ എറണാകുളം ജില്ലയിൽ മലയാറ്റൂർ ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ ടൂറിസ്റ്റ് കേദ്രമായ മഹാഗണി തോട്ടത്തിന്റെ അവസ്ഥ പഠനവും നിർവഹിച്ചു.
- ❖ എറണാകുളം ജില്ലയിൽ അരീക്കൽ ഹരിത ടൂറിസം പദ്ധതിയുടെ ഭാഗമായി "ടേക്ക് എ ബ്രേക്ക്" സമുച്ചയം ഉദ്ഘാടനം ചെയ്തു.എം.ജി.എം പോളിടെക്നിക്ക് എൻ.എസ്.എസ്, ഹരിത കർമ്മ സേന, കുടുംബശ്രീ പ്രവർത്തകർ എന്നിവർ ശുചീകരണവും ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിച്ചു.
- ❖ എറണാകുളം ജില്ലയിൽ മുനമ്പം ബീച്ചിനെ ഹരിത ടൂറിസം കേന്ദ്രമാറ്റുന്നതിന്റെ ഭാഗമായി ശലഭോദ്യാനത്തിനും പച്ചത്തുരുത്തിനുമുള്ള ജലത്തിനു വേണ്ടിയുള്ള കുളം, ബീച്ചിനു സമീപം നിർമ്മാണം ആരംഭിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ ടൂറിസം മേഖലകളിൽ വിലയിരുത്തൽ നടത്തിയതിൽ ജില്ലയിൽ നിന്നും 10 ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം പദവിക്ക് അർഹത നേടി. ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രവും വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കും ഹരിത ടൂറിസ്റ്റ് കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു.
- ❖ തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി ബ്ലോക്കിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന

ഏനാമാവ് നെഹ്റു പാർക്ക് നവംബർ 1ന് ഹരിത ടൂറിസമായി പ്രഖ്യാപിച്ചു. ഏനാമാവ് നെഹ്റു പാർക്ക് പൊതുജനങ്ങൾക്ക് മികച്ച ഒരു വിനോദ സഞ്ചാര കേന്ദ്രവും ശുചിത്വ മികവിൽ ഒരു മാതൃകയുമാണ്. കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യുന്നതിന് സ്ഥിരം സ്റ്റാഫിന്റെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. അജൈവ ജൈവമാലിന്യങ്ങൾ തരംതിരിക്കുന്നതിന് കൃത്യമായി ബിന്നുകൾ സ്ഥാപിച്ചും ദിനംതോറും ശുചിമുറികൾ വൃത്തിയാക്കിയും പൊതു ശുചീകരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

- ❖ മലപ്പുറം ജില്ലയിൽ നിലമ്പൂർ തേക്ക് മ്യൂസിയം, പറവണ്ണ ബീച്ച്, മിനി ഊട്ടി എന്നീ കേന്ദ്രങ്ങൾ ഹരിതടൂറിസം കേന്ദ്രങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ കോഴിക്കോട് ജില്ലയിൽ നവംബർ 1 ന് 6 ഹരിത ടൂറിസം കേന്ദ്ര പ്രഖ്യാപനങ്ങൾ നടത്തി. ലോകനാർകാവ്, ജാനകിക്കാട്, സാൻഡ്ബാങ്ക്സ്, കാപ്പാട് ബ്ലൂഫ്ലാഗ് ബീച്ച്, കുഞ്ഞാലിമരക്കാർ സ്മാരകം, ആക്ടീവ് പ്ലാനറ്റ് എന്നീ 6 ടൂറിസം കേന്ദ്രങ്ങൾ ആദ്യ ഘട്ട ഹരിത ടൂറിസം കേന്ദ്രങ്ങളാക്കി പ്രഖ്യാപിച്ചു.
- ❖ കോഴിക്കോട് ജില്ലാതല പരിപാടി - മാലിന്യമുക്തനവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി നവംബർ 1 ന് ലോകനാർക്കാവ് ഹരിത ടൂറിസം കേന്ദ്രമായി കോഴിക്കോട് ജില്ല പഞ്ചായത്ത് പ്രസിഡണ്ട് ഷീജ ശശി പ്രഖ്യാപനം നടത്തി.
- ❖ കോഴിക്കോട് ജില്ലയിൽ കാപ്പാട് ബ്ലൂഫ്ലാഗ് ബീച്ച് ഹരിത ടൂറിസം കേന്ദ്രമായി കൊയിലാണ്ടി എം.എൽ.എ കാനത്തിൽ ജമീല പ്രഖ്യാപിച്ചു.
- ❖ കാസർഗോഡ് ജില്ലയിൽ നവംബർ 1 ന് പ്രഖ്യാപിക്കാൻ തിരഞ്ഞെടുത്ത 4 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നീലേശ്വരം നഗരസഭയുടെ കോട്ടപ്പുറം ബോട്ട് ടെർമിനൽ ഹരിതടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചു. കൈറ്റ് ബീച്ച്, ബേക്കൽകോട്ട, റാണിപുരം എന്നിവയുടെ പ്രഖ്യാപനം നവംബർ 10 നുള്ളിൽ നടക്കും. ഇതിനു പുറമെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ പൊലിയംതുരുത്ത് ഇക്കോടൂറിസം വില്ലേജ്, സാന്റ് മിസ്റ്റ് ടൂറിസം കേന്ദ്രം, വലിയപറമ്പ ബീച്ച് എന്നിവിടങ്ങളിൽ ഹരിതടൂറിസം പ്രഖ്യാപനം നടന്നു.

| ഹരിത ടൂറിസം - നവംബർ മാസത്തെ പ്രവർത്തനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശിൽപശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തനനങ്ങളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 100 | 381 | 724 | 576 | 1681 | 0 | 0 | 1 | 32 | 818 | 1226 |

## 11. അഞ്ചുനാട് പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി (അഞ്ചുനാടു ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും" - തുടർ പ്രവർത്തനങ്ങൾ)

ഹരിത കേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഹൈറേഞ്ച് മേഖലയിൽ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), 2018 മുതൽ 2022 വരെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് "അഞ്ചുനാടും സമീപ ഭൂപ്രദേശങ്ങളിലെ ജൈവവൈവിധ്യ പരിപാലനവും സുസ്ഥിര ഉപജീവനവും". പദ്ധതിയുടെ ഭാഗമായി തുടങ്ങിയ പ്രവർത്തനങ്ങളുടെ സുസ്ഥിരമായ തുടർച്ച ഉറപ്പുവരുത്തുന്നതിന് ഹരിത കേരളം മിഷന്റെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു) രൂപീകരിച്ചു നിലവിൽ പ്രവർത്തിച്ചു വരുന്നു. മൂന്നാർ, ചിന്നക്കനാൽ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, അടിമാലി, മാങ്കുളം, ഇടമലക്കുടി, കുട്ടമ്പുഴ, അതിരപ്പിള്ളി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയിരുന്നത്.

### നവംബർ മാസത്തെ പ്രവർത്തനങ്ങൾ

### കൊരങ്ങാട്ടിയിലെ പരിസ്ഥിതി പുനഃസ്ഥാപന പദ്ധതി

ഹരിത കേരളം മിഷന്റെ ഏകോപനത്തോടെ അടിമാലി ഗ്രാമപഞ്ചായത്തിലെ കൊരങ്ങാട്ടി

പാടശേഖരത്തിൽ 1.98 കോടി രൂപ ചെലവിൽ ജലസേചന വകുപ്പ് അനുവദിച്ച പുതിയ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ദേവികുളം എംഎൽഎ അഡ്വ. എ. രാജ നിർവഹിച്ചു. കൊരങ്ങാട്ടി പാടശേഖരത്തിലെ കർഷകർ നിലവിൽ നേരിടുന്ന വന്യമൃഗശല്യം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിച്ചും, മലയോര ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും, പ്രാദേശിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണിയും ഉറപ്പുവരുത്തിയും കർഷകർക്ക് കൂടുതൽ സാമ്പത്തിക നേട്ടം ഉറപ്പാക്കിയുമാണ് പദ്ധതി നടപ്പാക്കുന്നത്. വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള പദ്ധതി കൃഷി വകുപ്പ്, വനം വകുപ്പ്, കൃഷി വിജ്ഞാൻ കേന്ദ്ര എന്നിവയുടെ സഹകരണത്തോടെ നടപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അടിമാലി ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി എന്നിവയിലുൾപ്പെടുത്തി തരിശ് രഹിത പ്രവർത്തനവും പുഷ്പകൃഷി ഉൾപ്പെടെയുള്ള കൃഷി വൈവിധ്യ പ്രവർത്തനവും കൂടി നടപ്പാക്കി കൊരങ്ങാട്ടിയെ മലയോര കാർഷിക ടൂറിസം കേന്ദ്രമായി വളർത്താനുള്ള പദ്ധതികളും ഉടൻ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ ക്ഷേമവകുപ്പ്, ഹോർട്ടി കോർപ്പ് മിഷൻ എന്നിവയുടെ സഹകരണത്തോടെ തേനീച്ച കൃഷി ഇതോടൊപ്പം ആരംഭിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതോടൊപ്പം 'കുട്ടികളും മാറുന്ന പരിസ്ഥിതിയും' എന്ന വിഷയത്തിൽ കുട്ടികൾക്കായി നടത്തിയ സെമിനാറിന് എസ്.എസ്.കെ. സംസ്ഥാന റിസോഴ്സ് പേഴ്സൺ നേതൃത്വം നൽകി.

### സുസ്ഥിര കരിമ്പ് കൃഷി വിളവെടുപ്പ്

- ❖ ഹരിത കേരളം മിഷന്റെയും മറയൂർ കൃഷിഭവന്റെയും നേതൃത്വത്തിൽ സുസ്ഥിര കരിമ്പ് കൃഷി (SSI) മാതൃക തോട്ടത്തിലെ ആദ്യ വിളവെടുപ്പ് നടന്നു. പരമ്പരാഗത കരിമ്പ് കൃഷിയിൽ നിന്നും വ്യത്യസ്തമായി കൃത്യമായ അകലത്തിൽ കരിമ്പിൻ തൈകൾ നട്ടു കൃഷി ചെയ്യുന്ന ശാസ്ത്രീയ രീതിയാണ് സുസ്ഥിര കരിമ്പ് കൃഷി മാതൃക.
- ❖ പരമ്പരാഗത രീതിയെ അപേക്ഷിച്ച് ചെലവ് കുറവും ഇരട്ടി വിളവും വിഭാവനം ചെയ്യുന്ന ഈ നൂതന കൃഷി രീതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ മറയൂർ, കാന്തല്ലൂർ കേന്ദ്രീകരിച്ച് ഹരിത കേരളം നേതൃത്വത്തിൽ നടന്നുവരികയാണ്.
- ❖ നിലവിൽ ഈ നൂതന കരിമ്പ് കൃഷി രീതിയിലൂടെ വിജയം കൈവരിച്ച യുവകർഷകരുടെ സംരംഭമായ ഓഫ് ദി ഏർത്തിന്റെ ചെറുവാട് ഉള്ള 2 ഏക്കർ മാതൃക കൃഷിയിടത്തിൽ വെച്ചാണ് ആദ്യ വിളവെടുപ്പ് നടന്നത്. മാതൃക തോട്ടത്തിൽ നിന്നും വിളവെടുത്ത കരിമ്പ് ഉപയോഗിച്ച് നിർമ്മിച്ച ശർക്കരപ്പടി ഓഫ് ദി എർത്ത് എന്ന പേരിൽ ബ്രാൻഡ് ചെയ്തു വില്പന നടത്തുന്നതിന്റെ ഉദ്ഘാടനം വാർഡ് മെമ്പർ നിർവഹിച്ചു.
- ❖ നവംബർ 21 ന് നടന്ന പരിപാടി മറയൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, മറയൂർ കാർഷിക വികസന ബാങ്ക് ബോർഡ് മെമ്പർ എന്നിവർ സംയുക്തമായി ഉൽഘാടനം ചെയ്തു. ഹരിത കേരളം മിഷൻ പ്രോജക്ട് കോർഡിനേറ്റർ, മറയൂർ കൃഷി ഓഫീസർ, കാന്തല്ലൂർ കൃഷി ഓഫീസർ, അഞ്ചുനാട് കരിമ്പ് ഉല്പാദന വിതരണ സംഘം സെക്രട്ടറി, മറയൂർ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറി എന്നിവർ സംബന്ധിച്ചു.
- ❖ കൃഷിയിടം സന്ദർശിച്ച് ഈ നൂതന കൃഷി രീതികൾ നേരിൽകണ്ട് മനസ്സിലാക്കുന്നതിനും സംശയനിവാരണം നടത്തുന്നതിനും കർഷകർക്ക് പ്രത്യേക അവസരം ഒരുക്കിയിരുന്നു.

## 12. ഗ്രീൻ പ്രോട്ടോകോൾ

- ❖ ആലപ്പുഴ ജില്ലയിൽ ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് തുറവൂർ TD സ്കൂളിൽ ഉപജില്ലാ കല്ലോത്സവം കുത്തിയതോട് ഹരിത കർമ്മ സേനാംഗങ്ങളുടെ സഹകരണത്തോടെ നടന്നു.
- ❖ എറണാകുളം ജില്ലയിൽ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭാഗമായി പറവൂർ ബ്ലോക്ക്, പറവൂർ മുനിസിപ്പാലിറ്റി മേഖലയിലെ അങ്കണവാടി ടീച്ചർമാർക്ക് വേണ്ടി ഹരിത അങ്കണവാടി പ്രവർത്തനങ്ങളെ സംബന്ധിച്ചും ബയോ ബിൻ, കമ്പോസ്റ്റിംഗ് സംവിധാനങ്ങളെക്കുറിച്ച് ക്ലാസ്സ് നയിച്ചു.

# ലൈഫ് മിഷൻ

## ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ

ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 30.11.2024 വരെ കരാറിലേർപ്പെട്ട 5,30,904 ഗുണഭോക്താക്കളിൽ 4,23,554 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

| ലൈഫ് മിഷൻ/ വകുപ്പുകൾ | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 54,116 | 52,680 |
| ലൈഫ് രണ്ടാം ഘട്ടം + അഡീഷണൽലിസ്റ്റ് - (എസ്സി/ എസ്.ടി/ ഫിഷറീസ്)- (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) (പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ) (വിവിധ വകുപ്പുകൾമുഖേന) | 4,43,809 | 3,42,997 |
| ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 32,053 | 26,951 |
| ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 | 926 |
| **ആകെ** | **5,30,904** | **4,23,554** |

### 2024-25 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ

**വ്യക്തിഗത ഭവനം**

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2024-25 (ബജറ്റ് പ്രഖ്യാപനം) | - | 1,00,000 |
| 2023-24-ൽ കരാറിലേർപ്പെട്ടവരിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,00,052 |
| 2024-25-ൽ പുതിയതായി കരാറിലേർപ്പെട്ടവർ | - | 27,294 |
| **ആകെ** | - | **1,27,346** |
| 2024-25 വർഷം പൂർത്തീകരിച്ച വീടുകൾ | - | 19,996 |
| പൂർത്തീകരിക്കാൻ അവശേഷിക്കുന്ന വീടുകൾ | - | 1,07,350 |

| | | |
|---|---|---|
| റൂഫ് | - | 12,858 |
| ലിന്റിൽ | - | 13,079 |
| ബേസ്മെന്റ് | - | 15,976 |
| നിർമ്മാണം ആരംഭിച്ചവർ | - | 53,018 |
| നിർമ്മാണം ആരംഭിക്കാത്തവ | - | 12,419 |
| **ആകെ** | - | **1,07,350** |

| 2024 ഒക്ടോബർ വരെ | 2024 നവംബർ മാസം | 2024 നവംബർ വരെ |
|---|---|---|
| **4,21,275** | **2,279** | **4,23,554** |

## അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 6,265 |
| വീടും സ്ഥലവും വേണ്ടവർ | - | 5,764 |
| **ആകെ** | - | **12,029** |

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 4,962 കുടുംബങ്ങളിൽ 2,828 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

## ലൈഫ് 2020 - ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | **3,66,590** |
| **ഭൂരഹിത ഭവനരഹിതർ** | **1,94,964** |
| **ആകെ** | **5,61,554** |

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതരിൽ 30.11.2024 വരെ 1,03,944 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

| 2024 ഒക്ടോബർ വരെ | 2024 നവംബർ മാസം | 2024 നവംബർ വരെ |
|---|---|---|
| **1,02,948** | **996** | **1,03,944** |

## മനസ്സോടിത്തിരി മണ്ണ്

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 30.11.2024 വരെ 2038.815 സെന്റ് (20.38 ഏക്കർ) ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആരംഭിച്ച **മനസ്സോടിത്തിരി മണ്ണ്** ക്യാമ്പയിന്റെ ഭാഗമാകുന്നതിന് നിരവധി സംഘടനകളും സുമനസ്സുകളും സന്നദ്ധത പ്രകടിപ്പിക്കുകയുണ്ടായി. കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് സർക്കാരുമായി 2021 ഡിസംബറിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 1000 ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കി. തുടർന്ന് 1000 ഭൂരഹിതർക്ക്കൂടി ഭൂമി ലഭ്യമാക്കുന്നതാണെന്ന് കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം തയ്യാറാക്കിയ **MoU**-ന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## ലയൺസ് - ലൈഫ് ഭവനപദ്ധതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 100 ഭവനരഹിതർക്ക് ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ-യുടെ ആഭിമുഖ്യത്തിൽ വീട് വച്ച് നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ അംഗീകരിച്ച **MoU**ൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്, കിളിമാനൂർ, കടക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളും ലൈഫ് മിഷനും ലയൺസ് ഇൻറർനാഷണൽ ഡിസ്ട്രിക്ട് 318-എ ഡിസ്ട്രിക്ട് ഗവർണറും ഒപ്പുവെയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ 15 ഭവനങ്ങളും, തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 10 ഭവനങ്ങളും, ഒരു അമ്നിറ്റി സെൻററും ടി പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്.

## ഭവനസമുച്ചയ നിർമ്മാണ പുരോഗതി

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുന:രധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ 2 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും, ഒരു ഭവനസമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

# വിദ്യാകിരണം

## ഭൗതിക സൗകര്യ വികസനം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| കിഫ്ബി അനുവദിച്ചത് | സ്കൂളുകൾ | പൂർത്തിയാക്കിയത് | വിവിധ ഘട്ടങ്ങളിൽ ഉള്ളത് |
|---|---|---|---|
| 5 കോടി | 141 | 138 | 3 |
| 3 കോടി | 386 | 179 | 207 |
| 1 കോടി | 446 | 195 | 251 |
| **ആകെ** | **973** | **512** | **461** |

- ❖ തിരുവനന്തപുരം ജില്ലയിൽ 1 കോടി പ്ലാൻ ഫണ്ടിലുൾപ്പെട്ട ഗവ. എൽ.പി.എസ്. കൊല്ല, നെടുമങ്ങാട്, ഗവ.എൽ.പി.എസ്. ഭരതന്നൂർ എന്നീ സ്കൂളുകളുടെ ഉദ്ഘാടനം നവംബർ 22ന് ബഹു. പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പു മന്ത്രി നിർവ്വഹിച്ചു.
- ❖ തൃശ്ശൂർ ജില്ലയിലുള്ള കാട്ടൂർ ഗവ ഹയർ സെക്കൻഡറി സ്കൂളിന്റെ ഹയർ സെക്കൻഡറി വിഭാഗത്തിനു വേണ്ടി കേരള സർക്കാർ അനുവദിച്ച 1.53 കോടി രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പൊതുമരാമത്ത് വകുപ്പ് പണികഴിപ്പിച്ച പുതിയ മൂന്നു നില കെട്ടിടത്തിന്റെ ഉദ്ഘാടനം 2024 നവംബർ 1 വെള്ളിയാഴ്ച ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു.
- ❖ ഇടുക്കി ജില്ലയിൽ ജിഎച്ച്എസ്എസ് പണിക്കൻകുടിയിൽ പുതിയ ഹൈടെക് അക്കാദമിക് സമുച്ചയത്തിന്റെ ശിലാസ്ഥാപനം നവംബർ 28ന് നടന്നു.
- ❖ കണ്ണൂർ ജില്ലയിൽ 1.5 കോടി പ്ലാൻ ഫണ്ടിലുൾപ്പെട്ട IMNSഗവ. എച്ച്.എസ്.എസ്.മയ്യിൽ സ്കൂളിന്റെ യും 3.90 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട KKNPMGVHSSപരിയാരം സ്കൂളിന്റെയും തറക്കല്ലിടൽ നവംബർ 28ന് ബഹു. തളിപ്പറമ്പ് എം.എൽ.എ നിർവ്വഹിച്ചു.

## ഹരിതസഭകൾ

- ❖ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ സ്കൂളുകളിൽ ഹരിതസഭകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ തയ്യാറെടുപ്പുകൾ ഹരിതകേരളം മിഷനുമായി ചേർന്ന് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെമ്പർമാർ, ഹരിതകർമ്മ സേന എന്നിവരടങ്ങുന്ന സഭയിൽ വിവിധ സ്കൂളുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട് എത്തിയ കുട്ടികൾ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളും ഇനി തുടർന്ന് നടത്തുന്ന പരിപാടികളും അവതരിപ്പിച്ചു. കുട്ടികളുടെ അവതരണങ്ങളും വിദഗ്ധരുടെ ക്രോഡീകരണമുൾപ്പെടെ സജീവമായ സഭാനടപടികൾ വിദ്യാലങ്ങളിൽ നടക്കുകയുണ്ടായി.
- ❖ നവംബർ നാലു മുതൽ 11 വരെ സംസ്ഥാന സ്കൂൾ കായികമേള എറണാകുളം ജില്ലയിൽ വച്ച് നടന്നു. ഒളിമ്പിക്സ് മാതൃകയിൽ സംഘടിപ്പിക്കപ്പെട്ട കേരള സ്കൂൾ കായികമേള - കൊച്ചി 24 ൽ ജില്ലകളിൽ നിന്ന് കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് വേണ്ട കാര്യങ്ങളിൽ വിദ്യാകിരണം കോഡിനേറ്റർമാർ നേതൃത്വപരമായ പങ്കുവഹിച്ചു.
- ❖ നാഷണൽ അച്ചീവ്മെൻറ് സർവ്വേയുടെ മൂന്നാം മാതൃക പരീക്ഷ നവംബർ മാസം ഇരുപത്തിരണ്ടാം തീയതി സ്കൂളുകളിൽ നടന്നു.

## Career Expo 2024

- ❖ വയനാട് ജില്ലയിൽ ഹയർസെക്കൻഡറി കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ്സ് കൗൺസിലിങ് സെല്ലിന്റെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ കരിയർ എക്സ്പോ സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി ഗവൺമെന്റ് സർവജന ഹയർ സെക്കൻഡറി സ്കൂളിൽ വച്ചാണ് ഹയർ

സ്റ്റഡീസ് എക്സ്പോ സംഘടിപ്പിച്ചത്. ഉന്നത തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുന്ന പ്രഗൽഭരുടെ വിവിധ ക്ലാസുകൾ, കരിയർ സെമിനാറുകൾ എന്നിവ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

- കേരളത്തിലെ വിവിധ സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവരുടെ സ്റ്റാളുകൾ ഒരുക്കിയിരുന്നു. ജില്ലയിലെ മുഴുവൻ ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളും അധ്യാപകരും എക്സ്പോയിലും സെമിനാറുകളിലും പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ടീമുകൾ വിവിധ ഉപരിപഠന മേഖലകൾ സംബന്ധിച്ച പഠനക്കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിച്ചത് ശ്രദ്ധേയമായി.

## സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം

- 2024-25 സാമ്പത്തിക വർഷം ഗോത്ര, തീരദേശ, തോട്ട മേഖലകളിലെ വിദ്യാർത്ഥികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രത്യേക പഠന പോഷണ പരിപാടിയുടെ ഭാഗമായി വയനാട് ജില്ലയിൽ 22 വിദ്യാലയങ്ങളിൽ എൻറിച്ച്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നു. എട്ടാം ക്ലാസിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗം കുട്ടികളാണ് പ്രോഗ്രാമിന്റെ ടാർജറ്റ് ഗ്രൂപ്പ്. പ്രോഗ്രാമിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി വിദഗ്ധരുടെ ക്ലാസുകൾ, ഇംഗ്ലീഷ് ഭാഷാ പഠനത്തിനായി റസിഡൻഷ്യൽ ക്യാമ്പുകൾ, ബോധവൽക്കരണ പരിപാടികൾ, പ്രവൃത്തിപരിചയ പഠന ക്യാമ്പുകൾ തുടങ്ങിയവ എല്ലാ വിദ്യാലയങ്ങളിലും സംഘടിപ്പിച്ചു വരുന്നു.

# ആർദ്രം മിഷൻ

## 1) ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ.പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ.പി പരിവർത്തനം | 17 | 14 (82%) | 0 |
| **താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം** | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 8 (30%) | 12 |
| മൂന്നാം ഘട്ടം | 8 | 2 (25%) | 5 |
| **ആകെ** | **43** | **16 (35%)** | **17** |
| **സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 76 | 57 (75%) | 6 |
| രണ്ടാം ഘട്ടം | 75 | 28 (37%) | 29 |
| **ആകെ** | **151** | **85 (56%)** | **35** |
| **പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി** | | | |
| ഒന്നാം ഘട്ടം | 170 | 166 (98%) | 3 |
| രണ്ടാം ഘട്ടം | 504 | 446 (88%) | 18 |
| മൂന്നാം ഘട്ടം | 211 | 93 (44%) | 46 |
| **ആകെ** | **885** | **705 (80%)** | **67** |

## 2) വാർഷിക ആരോഗ്യ പരിശോധന

- 30 വയസ്സിന് മുകളിൽ പ്രായമായ എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾക്ക് സ്ക്രീൻ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയുടെ ഒന്നാം ഘട്ടം പൂർത്തിയായി, രണ്ടാം ഘട്ടം പുരോഗമിക്കുന്നു.
- രണ്ടാം ഘട്ട സർവേയുടെ ഭാഗമായുള്ള എല്ലാ പരിശീലനങ്ങളും പൂർത്തിയായി.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേ 2024 ജൂൺ മാസം ആരംഭിച്ചു. രണ്ടാം ഘട്ടം സർവേയുടെ ഭാഗമായി 30/11/2024 വരെ 61,87,455 വ്യക്തികളുടെ സർവേ പൂർത്തിയായി. 01/11/2024 മുതൽ 30/11/2024 വരെ 17,80,168 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 7,80,076 (44%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ളതായും, 35,040 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായും, 38,938 (2.2%) പേർക്ക് ക്ഷയരോഗ സാധ്യതയുള്ളതായും, 68,238 (4%) പേർക്ക് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യതയുള്ളതായും 40,745 (2.2%) പേർക്ക് കുഷ്ഠരോഗ സാധ്യതയുള്ളതായും 5,32,937 (30%) പേർക്ക് കാഴ്ച സംബന്ധമായ രോഗസാധ്യതയുള്ളതായും 72,676 (4%) പേർക്ക് കേൾവി സംബന്ധമായ രോഗസാധ്യതയുള്ളതായും 23,263 (1.3%) പേർക്ക് മാനസികാരോഗ്യ പ്രശ്നങ്ങൾക്കുള്ള സാധ്യതയുള്ളതായും കണ്ടെത്തി തുടർപരിശോധനകളും ചികിത്സയും ലഭ്യമാക്കി വരുന്നു.
- പ്രമേഹ/രക്താതിമർദ്ദ സാധ്യതയുള്ള വ്യക്തികളുടെ തുടർ സ്ക്രീനിംഗ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയതിൽ 01/11/2024 മുതൽ 30/11/2024 വരെ 43,556 (ആകെ പരിശോധിച്ചവരിൽ 22%) പേർക്ക് രക്താതിമർദ്ദവും 4,039 (ആകെ പരിശോധിച്ചവരിൽ 1.9%) പേർക്ക് പ്രമേഹവും പുതിയതായി കണ്ടെത്തി.

- രണ്ടാം ഘട്ട സർവേയുടെ ഭാഗമായി നിലവിൽ രക്താതിമർദ്ദം മാത്രമുള്ള 3,64,063 (20.4%) പേരുടേയും പ്രമേഹം മാത്രമുള്ള 1,16,901 (6.6%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ്പ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.വാർഷിക ആരോഗ്യ പരിശോധനയിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനായി വിവിധ ബോധവൽക്കരണ ക്യാമ്പയിനുകൾ ജില്ലകളിൽ നടന്നു വരുന്നു.

### 3) ക്യാൻസർ നിയന്ത്രണ പദ്ധതി

- ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതലുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ച് ജില്ലാ തല ലാബുകളിൽ അയച്ച് രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- സംസ്ഥാനത്തെ മൂന്ന് ക്യാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകളിലെ ക്യാൻസർ ചികിത്സാ യൂണിറ്റുകൾ, ആരോഗ്യവകുപ്പിലെ ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ എന്നിവയെ കുടുംബാരോഗ്യ കേന്ദ്രം മുതൽ ജില്ലാ ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള ക്യാൻസർ ഗ്രിഡ് സംവിധാനം പ്രവർത്തനക്ഷമമാണ്.
- വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 01/11/2024 മുതൽ 30/11/2024 വരെ 17,80,168 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 35,040 (2%) പേർക്ക് ക്യാൻസർ സാധ്യതയുള്ളതായി കണ്ടെത്തി തുടർപരിശോധനകൾക്ക് നിർദേശിച്ചിട്ടുണ്ട്.
- ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ഇഹെൽത്ത് മുഖേന ക്യാൻസർ കെയർ സ്യൂട്ട് എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ക്യാൻസർ കെയർ സ്യൂട്ടിൽ ക്യാൻസർ സ്ക്രീനിംഗ് പോർട്ടൽ, കേരള ക്യാൻസർ രജിസ്ട്രി, ബോൺ മാരോ ഡോണർ രജിസ്ട്രി എന്നീ പോർട്ടലുകൾ/രജിസ്ട്രികൾ ഉൾപ്പെടുന്നു. ഇതിൽ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ സ്ക്രീനിങ് പോർട്ടൽ പ്രവർത്തനക്ഷമമാണ്. 30/11/2024 വരെ ക്യാൻസർ സ്ക്രീനിങ് പൂർത്തിയാക്കിയ 41,869 വ്യക്തികളുടെ പരിശോധന വിവരങ്ങൾ ക്യാൻസർ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- ക്യാൻസർ വരുന്നതിന് വളരെ മുമ്പ് തന്നെ രോഗ സാധ്യത കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാകാൻ സഹായകമാകുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചു. സ്തനാർബുദം, വദനാർബുദം, ഗർഭാശയഗള ക്യാൻസർ തുടങ്ങിയവ വളരെ നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സംസ്ഥാനത്തെ ക്യാൻസർ സെന്ററുകൾക്കും പ്രധാന മെഡിക്കൽ കോളേജുകൾക്കും പുറമേ എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും മാമോഗ്രാം, പാപ് സ്മിയർ, ബയോപ്സി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.
- സർക്കാർ മേഖലയിൽ ആദ്യമായി ക്യാൻസർ ചികിത്സാ രംഗത്ത് റോബോട്ടിക് സർജറി യൂണിറ്റ് ഉൾപ്പെടെയുള്ള അത്യാധുനിക ചികിത്സാ സംവിധാനങ്ങൾ തിരുവനന്തപുരം ആർ.സി.സിയിൽ പ്രവർത്തനമാരംഭിച്ചു. മലബാർ ക്യാൻസർ സെന്ററിലും (എം.സി.സി) റോബോട്ടിക് സർജറി പ്രവർത്തന സജ്ജമായിട്ടുണ്ട്. എം.സി.സി യെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് ആയി ഉയർത്തി.
- ഗർഭാശയഗള ക്യാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' രാജ്യത്ത് ആദ്യമായി ആർ.സി.സി വികസിപ്പിച്ചു.
- സെർവിക്കൽ ക്യാൻസറിന് എതിരായുള്ള എച്ച്.പി.വി. വാക്സിനേഷൻ പ്ലസ് വൺ, പ്ലസ് ടു തലത്തിലെ പെൺകുട്ടികൾക്ക് നൽകുന്നതിന് തീരുമാനമെടുത്തു.
- മലബാർ ക്യാൻസർ സെന്ററിൽ അതിനൂതന കാർ ടി സെൽ തെറാപ്പി ആരംഭിച്ചു. കൊച്ചിൻ ക്യാൻസർ സെന്ററിൽ ഇത് ഈ വർഷം പൂർണതോതിൽ പ്രവർത്തനസജ്ജമാകും.
- വിലകൂടിയ ക്യാൻസർ മരുന്നുകൾ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനായി ആരംഭിച്ച കാരുണ്യ

സ്പർശം - സീറോ പ്രോഫിറ്റ് ആന്റി-ക്യാൻസർ ഡ്രഗ്സ് പദ്ധതി ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

❖ സംസ്ഥാനത്ത് ആദ്യമായി മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് സഹായകരമാകുന്ന കേരള ബോൺമാരോ ഡോണർ രജിസ്ട്രി സജ്ജമാക്കുന്നതിനായി ആരോഗ്യവകുപ്പ് അനുമതി നൽകി ഉത്തരവായി. മലബാർ കാൻസർ സെന്റർ കെ-ഡിസ്കിന്റെ സഹകരണത്തോടെയാണ് പൈലറ്റ് പ്രോജക്ടായി ബോൺമാരോ ഡോണർ രജിസ്ട്രി തയ്യാറാക്കുന്നത്. രക്താർബുദം ബാധിച്ചവർക്ക് അനുയോജ്യമായ മൂലകോശം ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇവരുടെ ഡേറ്റാബേസ് തയ്യാറാക്കുകയാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇന്ത്യയിൽ നിലവിൽ സർക്കാരിതര മേഖലയിൽ 6 ബോൺമാരോ ഡോണർ രജിസ്ട്രികൾ മാത്രമാണുള്ളത്. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കുക, യോജിച്ച മൂലകോശത്തിന്റെ ലഭ്യത കൂട്ടുക എന്നീ ലക്ഷ്യങ്ങളോടെയാണ് രജിസ്ട്രി തയ്യാറാക്കുന്നത്.

## 4) നിർണയ ലാബ് നെറ്റ്‌വർക്ക് സംവിധാനം

❖ ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലാബ് നെറ്റുവർക്കിംഗ് സംവിധാനം എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

❖ ക്യാൻസർ പരിശോധന, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ്, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ), സങ്കീർണമായ ലാബ് പരിശോധനകൾ മുതലായവ ഈ സംവിധാനത്തിലൂടെ പരിശോധിച്ചു വരുന്നു.

❖ സംസ്ഥാനത്തെ നിലവിലുള്ള ലബോറട്ടറി സംവിധാനങ്ങളുടെ വിശദമായ മാപ്പിംഗും ഗ്യാപ് അനാലിസിസും പൂർത്തിയാക്കി.

❖ എല്ലാ റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

❖ എല്ലാ സർക്കാർ ലാബുകളിലും ഇന്റേണൽ ക്വാളിറ്റി കൺട്രോൾ, എക്സ്റ്റേർണൽ ക്വാളിറ്റി അഷ്വറൻസ് എന്നിവ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ നിലവിൽ ലാബ് സംവിധാനം ഇല്ലാത്ത ആശുപത്രികളിൽ കൂടി ലാബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു.

❖ നിർണയ ലാബ് നെറ്റുവർക്ക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇ-ഹെൽത്തിന്റെ സഹായത്തോടെ നിർമിച്ച റിപ്പോർട്ടിങ് സോഫ്റ്റ്‌വെയർ സംവിധാനം മലപ്പുറം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു.

❖ ആയുഷ് വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ കൂടി നിർണയ ലാബ് നെറ്റുവർക്ക് ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

❖ നിർണയ ലാബ് നെറ്റുവർക്ക് പദ്ധതിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ നിന്ന് കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ ലാബ് സാമ്പിളുകൾ ശേഖരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി വരുന്നു.

## 5) വയോജന-സാന്ത്വന പരിചരണം

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാൻ അനുസരിച്ചു 'അരികെ' എന്ന പേരിൽ സമഗ്ര പാലിയേറ്റീവ് വയോജന പരിചരണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു. ഇതിന്റെ മേൽനോട്ടം വഹിക്കാൻ ഒരു ഉന്നതാധികാര സമിതിയും വർക്കിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. പുതുക്കിയ പാലിയേറ്റിവ് കെയർ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുജന പങ്കാളിത്തത്തോടെ വയോജന ആരോഗ്യ സംരക്ഷണവും, സാന്ത്വന പരിചരണവും ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

❖ എല്ലാ ജില്ലകളിലേയും പാലിയേറ്റീവ് കെയർ ജീവനക്കാർക്ക് പുതുക്കിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകി. മോഡേൺ മെഡിസിൻ

ഡോക്ടർമാർക്കും ഫീൽഡ് സ്റ്റാഫിനും ഓൺലൈൻ പരിശീലനങ്ങളും സംഘടിപ്പിച്ചു.

- ❖ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് വേണ്ടി പരിശീലകർക്കായുള്ള സംസ്ഥാന തല പരിശീലനം 30 ആയുർവേദ ഡോക്ടർമാർക്കും 46 ഹോമിയോ ഡോക്ടർമാർക്കും നൽകി. ഇതോടൊപ്പം വിവിധ ജില്ലകളിലായി 1000 ത്തിലധികം ആയുർവേദ ഡോക്ടർമാർക്കും 327 പാരാമെഡിക്കൽ സ്റ്റാഫിനും തുടർ പരിശീലനങ്ങൾ പൂർത്തിയാക്കി. ഇടുക്കി ജില്ലയിൽ പരിശീലകർക്കായുള്ള 10 ജില്ലാതല പരിശീലനങ്ങൾ നടത്തി.
- ❖ നിലവിൽ സംസ്ഥാനത്ത് 1,142 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,61,918 രോഗികൾക്കും 345 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 30,168 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു. ഭാരതീയ ചികിൽസാ വകുപ്പിന്റെ (ISM) ന്റെ കീഴിൽ 44 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും ഹോമിയോ വകുപ്പിന്റെ കീഴിൽ 18 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളും പ്രവർത്തിക്കുന്നു.
- ❖ എട്ട് മെഡിക്കൽ കോളേജുകളിലും റീജണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.
- ❖ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജറിയാട്രിക്സ് വിഭാഗം ആരംഭിച്ചു. ഇതിലൂടെ വയോജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പ്രത്യേക ചികിത്സയും പരിചരണവും ലഭിക്കും.
- ❖ സംസ്ഥാനത്തെ 21 പ്രധാന ആശുപത്രികളിൽ 10 കിടക്കകളോടുകൂടിയ ജെറിയാട്രിക് വാർഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റി സ്കിഡ് ടൈലുകൾ, റെയിലുകൾ, റാമ്പുകൾ, വയോജനസൗഹൃദ ശൗചാലയങ്ങൾ, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളോടുകൂടിയ വാർഡുകളാണ് സജ്ജീകരിച്ചിരിക്കുന്നത്.
- ❖ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നതിനായി ഒരു സ്റ്റാഫ് നഴ്സിന്റെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനം ഉറപ്പാക്കിയിട്ടുണ്ട്.
- ❖ വയോജനങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി തുടർസേവനങ്ങൾ ഉറപ്പാക്കുന്നതിനായി ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി സേവനങ്ങൾ ഉറപ്പാക്കാനായി വെൽ വുമൺ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ രണ്ടാം ഘട്ട സർവേയിൽ 01/11/2024 മുതൽ 30/11/2024 വരെ 17,80,168 (10%) വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 17,236 (1%) കിടപ്പുരോഗികളും 28,020 (1.6%) ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള 5,98,768 (34%) വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് സേവനം ലഭ്യമാക്കി വരുന്നു. ഇതോടൊപ്പം രണ്ടാം ഘട്ട സർവേയുടെ ഭാഗമായി 37,328 (2.1%) പേർക്ക് വാർദ്ധക്യ സഹജമായ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തി തുടർപരിശോധനകൾക്കായി നിർദ്ദേശിച്ചിട്ടുണ്ട്.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) ആരംഭിച്ചു. കോഴ്സിന്റെ ആദ്യ ബാച്ചിൽ 11 ജില്ലകളിലായി 232 പേർ പരിശീലനം നേടി.
- ❖ സാന്ത്വന പരിചരണ സംവിധാനങ്ങളെ ഏകോപിപ്പിക്കാനും കിടപ്പ് രോഗികൾക്ക് നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താനുമുള്ള പാലിയേറ്റീവ് കെയർ ഗ്രിഡ് സോഫ്റ്റുവെയർ സംവിധാനം തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയ ആരോഗ്യ ദൌത്യം (NHM), കേരള സാങ്കേതിക സർവകലാശാല (KTU), ഡിജിറ്റൽ യൂണിവേഴ്സിറ്റി (DUK), സ്റ്റാർട്ട്അപ്പ് മിഷൻ, ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC), പ്യൂപ്പിൾ ഫസ്റ്റ് എന്നിവരുടെ സഹകരണത്തോടെ നടന്നു വരുന്നു.
- ❖ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുന്നതിന്റെ ഭാഗമായി ക്വാളിറ്റി

അസ്സസ്മെന്റ് ചെക്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇതുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലനങ്ങൾ 2024 സെപ്റ്റംബർ മാസം ആരംഭിച്ചു.

- ❖ കുടുംബശ്രീയുമായി സഹകരിച്ചു കൊണ്ട് പാരാപ്ലീജിയ (അരയ്ക്ക് കീഴ്‌പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ) രോഗികളെ തൊഴിൽപരമായി പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള പരിശീലനങ്ങൾ എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചു.
- ❖ വിദ്യാർത്ഥികളെ സാന്ത്വന പരിചരണ പ്രവർത്തനങ്ങളിൽ മുന്നോട്ട് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ (IAPC) കേരളയുമായി സഹകരിച്ച് നടപ്പിലാക്കുന്ന "സ്റ്റുഡന്റ് ഇനിഷ്യേറ്റീവ് ഇൻ പാലിയേറ്റീവ് കെയർ (SIP)" പദ്ധതിയുടെ സംസ്ഥാന തല ശില്പശാല നടത്തി. ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നായി 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു.

### 6) ഏകാരോഗ്യ സമീപനം (One Health Initiative)

- ❖ നവകേരളം കർമ്മ പദ്ധതി 2 - ആർദ്രം മിഷന്റെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി (ആർ.കെ.ഐ) സഹകരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് ഏകാരോഗ്യം. ജന്തുജന്യരോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ❖ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പമ്പാനദീതട ജില്ലകളായ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നിവിടങ്ങളിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മൂന്നാം വർഷ പ്രവർത്തനങ്ങളുടെ പ്രൊപോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റിവിന്റെ ഹൈലെവൽ എംപവേർഡ് കമ്മറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
- ❖ ഏകാരോഗ്യം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനായി ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കുള്ള പരിശീലനങ്ങൾ പൂർത്തിയായി. ഇതിനു മുന്നോടിയായി ഒരു ആസൂത്രണ ശില്പശാലയും ആരോഗ്യ വകുപ്പിലെയും അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് നീഡ്സ് അസ്സസ്സ്മെൻറ് ശില്പശാലയും സംഘടിപ്പിച്ചിരുന്നു. ഈ ശില്പശാലകളിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ, കൈപ്പുസ്തകം എന്നിവ തയ്യാറാക്കിയാണ് പരിശീലനങ്ങൾ നടത്തിയത്.ഏകാരോഗ്യം പദ്ധതിയുടെ മൂന്നാം വർഷ ലക്ഷ്യം ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് പകർച്ചവ്യാധികൾ കണ്ടെത്തുന്നതിനായുള്ള നിരീക്ഷണവും പരിശോധനയും പതിവായി നടത്തുക എന്നതാണ്. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി മനുഷ്യനെ ഗുരുതരമായി ബാധിക്കാവുന്ന രോഗങ്ങളുടെ വ്യാപനം കണ്ടെത്തുന്നതിനും സ്ഥിരീകരിക്കുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും വിവിധ വകുപ്പുകൾ സംയോജിതമായി നടത്തേണ്ട പരിശോധനയ്ക്കുള്ള (Joint Outbreak Investigation) പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഫീൽഡുതല പരിശോധനകൾ നടത്തി. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട പകർച്ചവ്യാധികളുടെ കണക്കുകൾ അടിസ്ഥാനമാക്കിയാണ് ഫീൽഡുതല പരിശോധനകൾ സംഘടിപ്പിച്ചത്. ഫീൽഡുതല പരിശോധനകൾ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല ടീമിനെയും നിയോഗിച്ചിരുന്നു. ഓരോ ജില്ലയിലും തിരഞ്ഞെടുത്ത പഞ്ചായത്ത്, രോഗം, ഫീൽഡുതല പരിശോധന നടത്തിയ തീയതി മുതലായവ താഴെ കൊടുത്തിരിക്കുന്നു.
- ❖ ഫീൽഡുതല പരിശോധനകൾക്കു മുന്നോടിയായി വകുപ്പ് തല ഏകോപന യോഗങ്ങൾ, പരിശോധനയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പ്രവർത്തന മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾ മുതലായവയും ജില്ലകളിൽ സംഘടിപ്പിച്ചിരുന്നു.

| ജില്ല | ഫീൽഡുതല പരിശോധന നടത്തിയ പഞ്ചായത്ത് | ഫീൽഡുതല പരിശോധനക്ക് തിരഞ്ഞെടുത്ത രോഗം | ഫീൽഡുതല പരിശോധന നടത്തിയ തീയതി |
|---|---|---|---|
| കോട്ടയം | കുമരകം | എലിപ്പനി | 25.09.2024, 26.09.2024 |
| ആലപ്പുഴ | ചേർത്തല സൗത്ത് | പക്ഷിപ്പനി | 26.09.2024 |
| ഇടുക്കി | കുമളി | സ്ക്രബ് ടൈഫസ് (ചെള്ളുപനി) | 30.09.2024 |
| പത്തനംതിട്ട | പ്രമാടം | ജലജന്യ രോഗങ്ങൾ | 30.09.2024 |

- ❖ ആദ്യഘട്ടത്തിൽ വിജയകരമായി പൂർത്തിയാക്കാൻ സാധിച്ചതിനെ തുടർന്ന് രാജ്യത്ത് ആദ്യമായി കേരളത്തിൽ എല്ലാ ജില്ലകളിലും സംയോജിത പരിശോധനാ സംവിധാനം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ഫീൽഡുതല പരിശോധനകളുടെ കണ്ടെത്തലുകൾ ക്രോഡീകരിച്ച് അതിനനുസൃതമായ മാറ്റങ്ങൾ മാർഗ്ഗരേഖയിൽ വരുത്തി അന്തിമ രൂപത്തിലാക്കുന്നതിനാണ് ലക്ഷ്യം വച്ചു കൊണ്ട് 2024 ഒക്ടോബറിൽ സംസ്ഥാന-തല ശില്പശാല സംഘടിപ്പിച്ചു. ജോയിന്റ് ഔട്ട്ബ്രേക് ഇൻവെസ്റ്റിഗേഷന്റെ വിപുലീകരണത്തിനും ഏകാരോഗ്യം പരിപാടിയുടെ നാലാം വർഷ ലക്ഷ്യം നേടിയെടുക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്‌ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) ടൂൾകിറ്റ് പ്രയോഗികമാക്കുന്നതിനും വേണ്ടിയുള്ള പ്ലാനുകളും ശില്പശാലയിൽ തയ്യാറാക്കി.
- ❖ ഏകാരോഗ്യം പദ്ധതി മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന 10 ജില്ലകളിൽക്കൂടി ഏകാരോഗ്യം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 7) രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയരോഗം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ ജില്ലകളിലെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെയും എന്റമോളജി യൂണിറ്റുകളുടെയും രൂപീകരണം നിലവിലെ രോഗ നിവാരണ പ്രവർത്തനങ്ങളെ ശാക്തീകരിക്കാൻ സഹായകമാകും.
- ❖ എറണാകുളം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ മലേറിയ നിവാരണത്തിന്റെ ഭാഗമായുള്ള പ്രീവാലിഡേഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ❖ എന്നാൽ 2023ൽ കോഴിക്കോട്, കൊല്ലം, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലും 2024ൽ കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലും തദ്ദേശീയമായ മലേറിയ കേസുകൾ റിപ്പോർട്ട് ചെയ്തു. 2024ൽ സംസ്ഥാനത്താകെ ഇതുവരെ 276 മലേറിയ കേസുകളും 4 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. തദ്ദേശീയമല്ലാത്ത കേസുകൾ വർദ്ധിച്ചു വരുന്നതും മലേറിയ വാഹകരായ കൊതുകുകളുടെ എണ്ണം മിക്ക ജില്ലകളിലും വർദ്ധിച്ചു വരുന്നതും സംസ്ഥാനത്തെ മലേറിയ നിവാരണത്തിന് വെല്ലുവിളിയാവുന്നു.
- ❖ കേരളത്തിലെ 11 ജില്ലകളിൽ മന്ത് രോഗം തദ്ദേശീയമായി തന്നെ നിലനിൽക്കുന്നു. കാലാവസ്ഥാ വ്യതിയാനവും രോഗവാഹകരായുള്ള കൊതുകുകളുടെ സാന്നിധ്യവും ഈ രോഗങ്ങളുടെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും 2028 ഓടെ മന്ത് രോഗം സംസ്ഥാനത്ത് നിന്നും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിഥി തൊഴിലാളികൾക്കിടയിലും മന്ത് രോഗ നിവാരണത്തിന്റെ ഭാഗമായുള്ള സ്ക്രീനിങ് നടന്നു വരുന്നു.
- ❖ മന്ത് രോഗ നിവാരണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുഷ് വകുപ്പ്, വിവിധ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹകരണം ഉറപ്പാക്കി വരുന്നു.
- ❖ കാലാ അസാർ സംസ്ഥാനത്തെ ഹെൽത്ത് ബ്ലോക്കുകളിൽ 10000 പേരിൽ ഒരാളിൽ താഴെ എന്ന രീതിയിൽ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. 2027 ഓടെ സംസ്ഥാനതലത്തിൽ പൂർണമായും നിവാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാലാ അസാറുമായി ബന്ധപ്പെട്ട് എല്ലാ

ജില്ലകളിലെയും ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടികളും വെക്ടർ സർവൈലൻസ് പ്രവർത്തനങ്ങളും നടന്നു വരുന്നു. കാലാ അസാർ റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകളും അങ്കണവാടികൾ കേന്ദ്രീകരിച്ച് സർവേകളും നടത്തി വരുന്നു.

- ❖ 2022 ലെ റിപ്പോർട്ട് പ്രകാരം ക്ഷയരോഗം മൂലമുള്ള ഏറ്റവും കുറഞ്ഞ വാർഷിക മരണനിരക്കിൽ രാജ്യത്ത് അഞ്ചാം സ്ഥാനത്താണ് കേരളം.
- ❖ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ശൈലി രണ്ടാം ഘട്ട സർവേയിൽ ക്ഷയരോഗ സാധ്യതയുള്ളവരെ കണ്ടെത്തി തുടർപരിശോധന ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം എല്ലാ ജില്ലകളിലും നാഷണൽ ട്യൂബർകുലോസിസ് എലിമിനേഷൻ പ്രോഗ്രാമിന്റെ (NTEP) ഭാഗമായുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## 8) സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

- ❖ നിലവിൽ സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.
- ❖ ഇതിൽ 50 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാവുകയും അതിൽ 48 സ്ഥലങ്ങളിൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്തവ | 88 |
| നിർമ്മാണം ആരംഭിച്ചവ | 82 |
| നിർമ്മാണം പൂർത്തിയായവ | 50 |
| നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ | 48 |
| നിർമ്മാണം പുരോഗമിക്കുന്നവ | 32 |
| തടസ്സങ്ങളുള്ള സ്ഥലങ്ങൾ | 6 |

## 9) ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര ക്യാൻസർ ജീവിതശൈലീ രോഗ നിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ ക്യാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണയത്തിലും ക്യാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് 2023 നവംബർ മാസത്തിൽ ആരംഭിച്ചു. 70 ഗ്രാമ പഞ്ചായത്തുകളിലും ആരോഗ്യ പരിശോധന നടന്നു വരുന്നു. 19 ഗ്രാമ പഞ്ചായത്തുകളിൽ പരിശോധന പൂർത്തിയാക്കി.
- ❖ ഇടുക്കി ജില്ലയിൽ "ആരോഗ്യജീവനം" ഹെൽത്തി ലൈഫ് ക്യാമ്പയിൻ ദേവിയാർ കോളനി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച്

വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ നടന്നു വരുന്നു.

- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്. കൊല്ലം ജില്ലയിലും ഹരിത കർമ സേനാംഗങ്ങൾക്കുള്ള ആരോഗ്യ പരിശോധന ക്യാമ്പ് ആരംഭിച്ചു. പത്തനംതിട്ട ജില്ലയിൽ ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## 10) ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ ആരോഗ്യ വകുപ്പിലെ ഗവേഷണ പദ്ധതികൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് SHSRC യിൽ എത്തിക്കൽ കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചു.
- ❖ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് (IAV), രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (NIV), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജീനോമിക്സ് ആൻഡ് ഇന്റഗ്രേറ്റീവ് ബയോളജി (IGIB) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ സംസ്ഥാനത്തെ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, അക്കാദമികവും മെഡിക്കൽ ഗവേഷണപരവുമായ പ്രവർത്തനങ്ങൾ നടത്തുക, നയരൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിർത്തിക്കൊണ്ട് സംസ്ഥാനത്ത് സെന്റർ ഫോർ ഡിസീസ് കൺട്രോൾ - കേരള (CDC -K) എന്ന സ്ഥാപനം രൂപീകരിക്കുന്നതിന് അനുമതി നൽകുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- ❖ കേരളത്തിൽ ഒന്നിലധികം തവണ നിപ രോഗ ബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാഹചര്യവും, നിപയും പക്ഷിപ്പനിയും ഉൾപ്പെടെ മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളുടെ വ്യാപനവും കണക്കിലെടുത്ത്, ഇത്തരം മഹാമാരികളാകാൻ സാധ്യതയുള്ള വൈറസുകളെപ്പറ്റി ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർക്കാർ വകുപ്പുകളുമായും യോജിച്ചുകൊണ്ട് പഠന ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ഇത്തരം രോഗങ്ങൾക്കെതിരെ സാമൂഹിക പ്രതിരോധം വളർത്തുക തുടങ്ങിയവയ്ക്ക് നേതൃത്വം നൽകുന്നതിനായി കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് & റസിലിയൻസ് എന്ന സ്ഥാപനം കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തനം ആരംഭിക്കുകയും നോഡൽ ഓഫീസറെ നിയമിക്കുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.
- ❖ ആയുർവേദത്തിലെ അറിവുകളെ നൂതന – ജൈവ- സാങ്കേതിക വിദ്യകളുടെ വെളിച്ചത്തിൽ വിശാലമായ പഠന ഗവേഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ തെളിവധിഷ്ഠിതമാക്കി

പൊതുജനാരോഗ്യ രംഗത്ത് ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി, കിഫ്ബിയുടെ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി, കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം (IRIA) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയുമാണ്.

- ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, ആരോഗ്യ സർവ്വകലാശാല, എസ്.എച്ച്.എസ്.ആർ.സി, എസ്.ബി.എം.ആർ തുടങ്ങിയ സ്ഥാപനങ്ങളുടെ മേധാവികളുമായി ആരോഗ്യമേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് യോഗം ചേരുകയും ഇത് സംബന്ധിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്.
- കോഡ് ഗ്രേ പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട് പ്രാഥമിക യോഗങ്ങൾ സംഘടിപ്പിക്കുകയും കോഡ് ഗ്രേ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന-തല റിസോഴ്സ് ഗ്രൂപ്പിലെ അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഈ അംഗങ്ങളുടെ കരട് പട്ടിക തുടർ അവലോകനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.
- നിലവിൽ SHSRC യുടെ ആഭിമുഖ്യത്തിൽ 34 ഓളം ഗവേഷണങ്ങൾ നടന്നു വരുന്നു. ഇതിൽ 7 എണ്ണത്തിന്റെ റിപ്പോർട്ട് പൂർത്തിയായി, 5 എണ്ണത്തിന്റെ ഡാറ്റാ അനാലിസിസ് പുരോഗമിക്കുന്നു, 10 എണ്ണത്തിന്റെ വിവരശേഖരണം പൂർത്തിയായി. മറ്റുള്ളവ വിവരശേഖരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇത് കൂടാതെ ഐ.സി.എം.ആർ-ന്റെ ധനസഹായത്തോടെ 5 ഗവേഷണങ്ങളും KSACS/NACO യുടെ ധനസഹായത്തോടെ 6 ഗവേഷണങ്ങളും നടന്നു വരുന്നു.

## കുടുംബാരോഗ്യ കേന്ദ്രം - പ്രവർത്തന പുരോഗതി

- ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സേവനങ്ങൾ ഉറപ്പാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കുറഞ്ഞത് 3 മെഡിക്കൽ ഓഫീസർമാർ, 4 നഴ്സിംഗ് ഓഫീസർമാർ, 2 ഫാർമസിസ്റ്റുമാർ, ഒരു ലാബ് ടെക്നിഷ്യൻ എന്നീ തസ്തികകളാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ നിലവിൽ 105 (15%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് മിഷൻ വിഭാവനം ചെയ്യുന്ന രീതിയിലുള്ള എല്ലാ തസ്തികകളും നിലവിലുള്ളത്.
- സംസ്ഥാനത്ത് 486 (69%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 3 മെഡിക്കൽ ഓഫീസർമാരെങ്കിലും ഉള്ളത്. 128 (18%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉള്ളത്. 509 (72%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് 2 ഫാർമസിസ്റ്റുമാരെങ്കിലും ഉള്ളത്. 656 (93%) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമാണ് ഒരു ലാബ് ടെക്നിഷ്യനെങ്കിലും ഉള്ളത്.
- എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഒരു ഡോക്ടർ, ഒരു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കാൻ ഉത്തരവുണ്ടെങ്കിലും ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം 166 സ്ഥാപനങ്ങളിൽ ഒരു നിയമനം പോലും നടത്തിയിട്ടില്ല.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒപി സേവനങ്ങൾ ലഭ്യമാക്കേണ്ടതാണെങ്കിലും 207 (29%) സ്ഥാപനങ്ങളിൽ ഉച്ചയ്ക്ക് ശേഷം ഒപി പ്രവർത്തിക്കുന്നില്ല. ഇതിൽ 32 സ്ഥാപനങ്ങളിൽ മൂന്ന് മെഡിക്കൽ ഓഫീസർമാരെങ്കിലുമുണ്ട്.
- കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒക്ടോബർ മാസം ചികിത്സ തേടിയ വ്യക്തികളിൽ 70% പേർക്ക് മാത്രമാണ് പ്രീചെക്ക് സേവനം ലഭിച്ചത്.
- 200 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ശ്വാസ് ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 23 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 192 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ആശ്വാസം ക്ലിനിക് സേവനം ലഭ്യമല്ല. ഇതിൽ 17 സ്ഥാപനങ്ങളിൽ നാല് നഴ്സിംഗ് ഓഫീസർമാരെങ്കിലും ഉണ്ട്.
- 495 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാണ്.

## ജനകീയ ആരോഗ്യ കേന്ദ്രം – പ്രവർത്തന പുരോഗതി (2024 നവംബർ)

❖ നിലവിൽ 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 217 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (U-HWCs) സംസ്ഥാനത്ത് പ്രവർത്തനക്ഷമമാണ്.

❖ സംസ്ഥാനത്തെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ 4700 മിഡ് ലെവൽ സർവീസ് പ്രൊവൈഡേഴ്സ് (എംഎൽഎസ്പി) നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

❖ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെയും ജീവനക്കാരുടെ പുതുക്കിയ ചുമതലകളെയും സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് വിനിയോഗം സംബന്ധിച്ചും സംസ്ഥാന- ജില്ലാ തല ഉദ്യോഗസ്ഥർക്കായി ശില്പശാല നടത്തി.

❖ ജനകീയ ആരോഗ്യ കേന്ദ്ര ടീം പ്രവർത്തനങ്ങളെയും സ്ഥാപന-ഫീൽഡ് തല സേവനങ്ങൾ ഉറപ്പാക്കുന്നത് സംബന്ധിച്ചും അവയുടെ നിരീക്ഷണം സംബന്ധിച്ചും മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ജീവനക്കാർക്കായി സംസ്ഥാന തലത്തിൽ ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു.

❖ പുതിയ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങളെയും ജീവനക്കാരുടെ ചുമതലകളെയും സംബന്ധിച്ചുള്ള ജില്ലാതല പരിശീലനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്ര ജീവനക്കാർക്കും സൂപ്പർവൈസർമാർക്കുമായി സംഘടിപ്പിച്ചു.

❖ **വെൽ വുമൺ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 വെൽ വുമൺ ക്ലിനിക്കുകൾ നടക്കുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 12 സ്ത്രീകളെങ്കിലും സേവനം തേടുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ പ്രസവാനന്തര രജിസ്ട്രേഷനും വിവ ക്യാമ്പയിന്റെ ഭാഗമായ അനീമിയ സ്ക്രീനിംഗും മറ്റ് സേവനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും കൗമാരക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

❖ **ജീവിതശൈലീ രോഗ ക്ലിനിക്കുകൾ**: ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഒരു മാസം ശരാശരി 4 ജീവിതശൈലീ രോഗ ക്ലിനിക്കുകളെങ്കിലും നടത്തി വരുന്നു. ഒരു ക്ലിനിക്കിൽ ശരാശരി 27 പേർ വീതം സേവനം തേടുന്നുണ്ട്. ജീവിതശൈലീ രോഗ ക്ലിനിക്കുകളിൽ, രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗ് സേവനങ്ങൾ നൽകി വരുന്നു.

❖ **പേഷ്യന്റ് ഗ്രൂപ്പ് മീറ്റിങ്ങുകൾ**: ഒരു മാസത്തിൽ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ശരാശരി 5 പേഷ്യൻറ് ഗ്രൂപ്പ് യോഗങ്ങളെങ്കിലും സംഘടിപ്പിച്ചു വരുന്നതായും ഒരു യോഗത്തിൽ ശരാശരി 13 പേരെങ്കിലും പങ്കെടുക്കുന്നുമുണ്ട്.

❖ **ജനകീയ ആരോഗ്യ കേന്ദ്ര ടീം അംഗങ്ങളുടെ മുൻഗണനാ സന്ദർശനങ്ങൾ**: ഒരു മാസത്തിൽ ശരാശരി ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 96 ഗൃഹസന്ദർശനങ്ങളും ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ 136 സന്ദർശനങ്ങളും ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡർ 62 ഭവന സന്ദർശനങ്ങളും നടത്തുന്നതായി ജനകീയ ആരോഗ്യ കേന്ദ്ര ടീമിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

❖ നവംബർ മാസത്തിൽ ഒരു ദിവസം ശരാശരി 12 പേരെങ്കിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് സേവനം തേടിയിട്ടുണ്ട്. ഒരു ദിവസം ശരാശരി 5 ലാബ് പരിശോധനകൾ ഒരു ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ചെയ്തു വരുന്നു.

❖ സംസ്ഥാനത്തെ 50% ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2025 ഡിസംബർ മാസത്തോടെയും എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളും 2026 ഡിസംബർ മാസത്തോടെയും NQAS (നാഷണൽ ക്വാളിറ്റി അഷുറൻസ് സ്റ്റാൻഡേർഡ്സ്) അംഗീകാരം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

❖ കേരളത്തിലെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ പൊതുജനങ്ങളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ടു ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു.
- നവകേരളം കർമപദ്ധതിയിൽ ഉൾപ്പെട്ട വിവിധ മിഷനുകളുടെ പദ്ധതികൾ അതാത് മിഷൻ തലത്തിൽ നിലവിൽ അവലോകനം നടത്തുന്നുണ്ട്. ഹരിത കേരളം മിഷൻ നടപ്പിലാക്കുന്നതും ഭാഗഭാക്കാവുന്നതുമായ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ഓരോ മാസവും നടത്തുന്നുണ്ട്.
- മറ്റു മിഷനുകളുടെ പദ്ധതികൾ അതാത് മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ഈ മിഷനുകളുടെ റിപ്പോർട്ടുകൾ പ്രതിമാസ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ മാസവും എല്ലാ ജില്ലകളിലും ഹരിതകേരളം, ആർദ്രം, ലൈഫ്, വിദ്യാകിരണം എന്നീ മിഷനുകളുടെ ജില്ലാ കോർഡിനേറ്റർമാർ വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

## നവംബർ മാസത്തെ പ്രവർത്തനങ്ങൾ

- നവംബർ മാസം 2 തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടത്തിയിട്ടുണ്ട്. നവംബർ മാസം വരെ കൂടിയ മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 1348 മിഷൻ യോഗങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ കൂടിയിട്ടുണ്ട്.
- ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 3660 യോഗങ്ങൾ നവംബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 837 യോഗങ്ങളും, ഹരിത വിദ്യാലയം, ഹരിത കലാലയങ്ങൾക്കായി 657 യോഗങ്ങളും, ഹരിത ടൂറിസത്തിനായി 100 യോഗങ്ങളും, ഹരിത അയൽകൂട്ടമായി ബന്ധപ്പെട്ട് 345 യോഗങ്ങളും, ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടത്തിനായി 170 യോഗങ്ങളും, ഹരിത സഭക്കായി 617 യോഗങ്ങളും, ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾക്കായി 272 യോഗങ്ങളും, ജല ബജറ്റിനായി 38 യോഗങ്ങളും, നെറ്റ് സീറോ പ്രവർത്തനങ്ങൾക്കായി 29 യോഗങ്ങളും, കൃഷി മേഖലയുമായി ബന്ധപ്പെട്ട് 44 യോഗങ്ങളും, ഗ്രീൻ പ്രോട്ടോക്കോളിനായി 142 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 115 ജില്ലാ തല യോഗങ്ങളും 179 ബ്ലോക്ക് തല യോഗങ്ങളും കൂടിയിട്ടുണ്ട്. 2095 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1006 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി നവംബർ മാസത്തിൽ കൂടിയിട്ടുണ്ട്.
- വിവിധ യോഗങ്ങളിൽ 7175 ജനപ്രതിനിധികളും 19873 ഉദ്യോഗസ്ഥരും, 20892 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 59015 പേർ നവംബർ മാസത്തിൽ പങ്കെടുത്തിട്ടുണ്ട്.
- വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ 565 ശിൽപ്പശാലകൾ നടത്തുകയും ആയതിൽ 90873 പേർ പങ്കെടുക്കുകയും ചെയ്തു.
- ഹരിത കേരളം മിഷൻ 63 പരിശീലനങ്ങൾ നവംബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ 3824 പേർ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി നവംബർ മാസത്തിൽ 21159 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. 83960 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി നവംബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

| ഹരിത കേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ ജില്ലാ സംഗ്രഹം - നവംബർ | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്കീം/പ്രവർത്തിയുടെ പേര് | ഈ മാസം നടന്ന യോഗം (എണ്ണം) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശില്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | വാർഡ് നിർവ്വഹണസമിതി | | | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | വിവിധ തലങ്ങൾ | | | | | | | | | | | | | | | | മുൻ മാസം വരെ | | തൻ മാസം | | | | |
| | ജില്ല | ബ്ലോക്ക് | ഗ്രാമപഞ്ചായത്ത് | നഗരസഭ/കോർപറേഷൻ | സ്ഥാപന | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | | | | | |
| കളക്ടറുടെ ജില്ലാ യോഗം | 13 | 0 | 1 | 0 | 6 | 20 | 56 | 362 | 32 | 450 | 5 | 473 | 4 | 1500 | 0 | 0 | 0 | 0 | 0 | 0 | 126 | 0 | 919 |
| ജില്ലാ മിഷൻ യോഗം (ജില്ലാ പഞ്ചായത്തു പ്രസി:) | 2 | 0 | 0 | 0 | 2 | 4 | 0 | 134 | 14 | 148 | 1 | 25 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 136 | 0 | 8 |
| തദ്ദേശ മിഷൻ യോഗം | 1 | 0 | 0 | 0 | 1 | 2 | 2 | 8 | 3 | 13 | 2 | 77 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20 | 0 | 7 |
| ഹരിത വിദ്യാലയം, ഹരിത കലാലയം | 5 | 22 | 285 | 29 | 282 | 623 | 657 | 2016 | 2172 | 4845 | 262 | 23725 | 2 | 162 | 4 | 515 | 0 | 0 | 0 | 0 | 3106 | 239 | 9247 |
| ഹരിത ഓഫീസ് | 5 | 22 | 305 | 36 | 507 | 875 | 837 | 2846 | 1914 | 5597 | 200 | 11316 | 0 | 0 | 16 | 367 | 0 | 0 | 0 | 0 | 4603 | 1 | 7035 |
| ഹരിത ടൂറിസം | 5 | 5 | 67 | 9 | 14 | 100 | 381 | 724 | 576 | 1681 | 62 | 8619 | 0 | 0 | 1 | 32 | 0 | 0 | 0 | 0 | 818 | 21 | 1226 |
| ഹരിത അയൽക്കൂട്ടം | 2 | 14 | 295 | 34 | 0 | 345 | 1096 | 1510 | 2956 | 5562 | 358 | 18844 | 2 | 76 | 7 | 957 | 0 | 0 | 0 | 0 | 2138 | 67 | 4042 |
| ഹരിത ടൗണുകൾ, പൊതുസ്ഥലങ്ങൾ | 2 | 10 | 230 | 28 | 2 | 272 | 662 | 1064 | 1875 | 3601 | 181 | 6154 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1846 | 445 | 9517 |
| ഹരിത സഭ | 13 | 27 | 509 | 62 | 6 | 617 | 1532 | 4909 | 4973 | 11414 | 123 | 32914 | 532 | 84534 | 13 | 385 | 0 | 0 | 0 | 0 | 3147 | 61 | 15631 |
| ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം | 12 | 27 | 72 | 5 | 54 | 170 | 328 | 1452 | 242 | 2022 | 46 | 6507 | 3 | 460 | 0 | 0 | 583 | 1710 | 15 | 375 | 596 | 12 | 5744 |
| ഹരിത കെ.എസ്.ആർ.ടി.സി. | 8 | 3 | 16 | 25 | 11 | 63 | 157 | 356 | 279 | 792 | 1 | 44 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 152 | 19 | 1461 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 1 | 4 | 41 | 7 | 19 | 72 | 142 | 579 | 424 | 1145 | 6 | 4835 | 2 | 210 | 4 | 151 | 0 | 0 | 0 | 0 | 234 | 6 | 1781 |
| മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 43 | 27 | 173 | 23 | 63 | 329 | 929 | 3244 | 1377 | 5550 | 2456 | 42355 | 19 | 3823 | 11 | 966 | 14557 | 236595 | 331 | 10151 | 3732 | 60 | 25459 |
| നെറ്റ് സീറോ കാർബൺ | 0 | 2 | 17 | 0 | 7 | 26 | 85 | 110 | 171 | 366 | 3 | 422 | 0 | 0 | 6 | 413 | 0 | 0 | 0 | 0 | 90 | 0 | 83 |
| നെറ്റ് സീറോ കാർബൺ - കോർഗ്രൂപ് യോഗം | 0 | 0 | 3 | 0 | 0 | 3 | 5 | 8 | 18 | 31 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 0 | 25 |
| **Total** | 112 | 163 | 2014 | 258 | 974 | 3521 | 6869 | 19322 | 17026 | 43217 | 3706 | 156310 | 564 | 90765 | 62 | 3786 | 15140 | 238305 | 346 | 10526 | 20754 | 931 | 82185 |

**ഹരിത കേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ ജില്ലാ സംഗ്രഹം - നവംബർ**

| സ്കീം/പ്രവർത്തിയുടെ പേര് | ഈ മാസം നടന്ന യോഗം ( എണ്ണം ) | | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | ഈ മാസം നടന്ന ഉദ്ഘാടനങ്ങൾ | | ഈ മാസം നടന്ന ശില്പശാലകൾ | | ഈ മാസം മിഷൻ നൽകിയ പരിശീലനങ്ങൾ | | ഈ മാസം മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | ഈ മാസം നടന്ന സന്നദ്ധപ്രവർത്തനങ്ങളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാ തലം | ബ്ലോക്ക് തലം | ഗ്രാമപഞ്ചായത്തു തലം | നഗരസഭാ/കോർപറേഷൻ തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | | |
| **ജലസംരക്ഷണ പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | |
| മാപത്തോൺ | 1 | 1 | 3 | 0 | 0 | 5 | 3 | 31 | 50 | 84 | 0 | 0 | 0 | 0 | 1 | 20 | 167 | 15 | 944 |
| ജല ബജറ്റ് | 0 | 3 | 30 | 1 | 4 | 38 | 230 | 103 | 268 | 601 | 2 | 275 | 0 | 0 | 0 | 0 | 259 | 3 | 129 |
| നീരുറവു | 2 | 3 | 32 | 0 | 7 | 44 | 80 | 154 | 66 | 300 | 0 | 0 | 0 | 0 | 0 | 0 | 213 | 0 | 58 |
| നീരുറവ്/ജലബജറ്റ് സാങ്കേതിക സമിതി യോഗം | 2 | 0 | 3 | 1 | 7 | 13 | 19 | 83 | 36 | 138 | 0 | 0 | 0 | 0 | 0 | 0 | 64 | 0 | 21 |
| പാറക്വാറി പ്രവർത്തനങ്ങൾ | 0 | 0 | 2 | 0 | 0 | 2 | 3 | 10 | 6 | 19 | 0 | 0 | 0 | 0 | 0 | 0 | 5 | 0 | 21 |
| ജലഗുണനിലവാര ലാബ് | 1 | 8 | 21 | 3 | 3 | 36 | 49 | 81 | 75 | 205 | 2 | 222 | 0 | 0 | 0 | 0 | 178 | 0 | 425 |
| Total | 6 | 15 | 91 | 5 | 21 | 138 | 384 | 462 | 501 | 1347 | 4 | 497 | 0 | 0 | 1 | 20 | 886 | 18 | 1598 |
| **കൃഷി-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ** | | | | | | | | | | | | | | | | | | | |
| ഹരിത സമൃദ്ധി വാർഡ് / തരിശു രഹിത ഗ്രാമം | 2 | 6 | 18 | 2 | 16 | 44 | 101 | 246 | 161 | 508 | 10 | 258 | 1 | 108 | 0 | 0 | 176 | 4 | 751 |
| പച്ചത്തുരുത്തു | 0 | 5 | 41 | 5 | 10 | 61 | 140 | 225 | 235 | 600 | 9 | 523 | 0 | 0 | 0 | 0 | 163 | 12 | 861 |
| തെങ്ങിന് തടം മണ്ണിന് ജലം | 1 | 5 | 22 | 0 | 6 | 34 | 65 | 80 | 1174 | 1319 | 9 | 865 | 0 | 0 | 1 | 38 | 66 | 4 | 163 |
| Total | 3 | 16 | 81 | 7 | 32 | 139 | 306 | 551 | 1570 | 2427 | 28 | 1646 | 1 | 108 | 1 | 38 | 405 | 20 | 1775 |